
# എറണാകുളം മിസ്സം


# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 10 October 2023 Rs. 15/-







# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 66 Issue No. 10 October 2023 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സർക്കുലർ: 3/2023
16. ആഗോള പ്രേഷിതദിനം
25. Particular Law Decree - 1006/2023
26. Particular Law Decree - 1007/2023
29. ഒക്ടോബർ മാസത്തിലെ കൊന്തനമസ്ക്കാരം
37. നിര്യാതരായി
38. വാർത്തകളും വിശേഷങ്ങളും
39. വിശ്വാസപരിശീലന കേന്ദ്രം
42. AICO
43. ഫാമിലി അപ്പോസ്റ്റലേറ്റ്
45. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
49. നൈപുണ്യ ഇന്റർനാഷണൽ
50. അതിരൂപതാ ഡയറി
51. അതിരൂപതാ പിരിവുകൾ - 2022



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Menachery Joseph, Karumaloor | 1899 | 1928 | 3-10-1988 |
| Fr. Mangaly Paul, Manjapra | 1892 | 1923 | 4-10-1977 |
| Fr. Payapilly Varghese, Konthuruthy | 1876 | 1907 | 5-10-1929 |
| Fr. Payyappilly Thomas, Thuravoor | 1917 | 1948 | 5-10-1975 |
| Fr. Nalkara Joseph, Akaparambu | 1891 | 1915 | 7-10-1948 |
| Fr. Meleth Thomas, Chunangamvely | 1941 | 1967 | 8-10-1987 |
| Fr. Bharanikulangara Joseph, Thuravoor North | 1932 | 1959 | 8-10-2012 |
| Fr. Manikanamparambil Yohannan, Udayamperoor | 1837 | 1865 | 09-10-1898 |
| Fr. Manikanamparambil Joseph, Udayamperoor | 1869 | 1897 | 10-10-1948 |
| Fr. Parampy Joseph, Mampra | 1908 | 1937 | 10-10-1949 |
| Fr. Muttumana Joseph, Vaikom Town | 1923 | 1950 | 11-10-2010 |
| Fr. Eravely Mathias TOCD, Amballoor | 1854 | | 13-10-1933 |
| Fr. Veluthedath Thomas, Kudavechoor | 1904 | 1933 | 13-10-1971 |
| Fr. Panachickal George, Malayattoor | 1933 | 1960 | 17-10-2009 |
| Fr. Chaniparambil Cyriac, Ezhupunna | 1929 | 1958 | 17-10-2010 |
| Fr. Pulianthuruthil Joseph, Aluva | 1894 | 1921 | 18-10-1958 |
| Fr. Malamel Samuel, Edappally | 1941 | 1967 | 18-10-2012 |
| Fr. Painadeth Valiya Paulose, Karukutty | 1862 | 1893 | 21-10-1937 |
| Msgr. Thaliath Joseph, Puthenpally | 1915 | 1942 | 21-10-1996 |
| Fr. Koilparambil Mathew, Pallippuram | 1938 | 1966 | 21-10-2014 |
| Fr. Kattarath Varkey, Thottakom | | | 24-10-1931 |
| Fr. Pottayil Issac, Vaikom | 1902 | 1933 | 26-10-1985 |
| Fr. Vazhathara Joseph, Pallipuram | 1882 | 1912 | 28-10-1964 |
| Fr. Vadapuram Job, Chalil | 1900 | 1933 | 28-10-1974 |
| Fr. Chakiath Joseph, Thundathumkadavu | 1926 | 1952 | 29-10-1995 |
| Fr. Thattezhath Joseph, Kothavara | 1913 | 1941 | 29-10-2003 |

**സർക്കുലർ: നമ്പർ 03/2023**

Prot.No. AA62/2023 Date: 20-09-2023

എറണാകുളം-അങ്കമാലി അതിരൂപത

# സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരിസഹോദരന്മാരേ, പ്രിയ കുട്ടികളേ,

ഒക്ടോബർ മാസത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പരിശുദ്ധ കന്യകാമറിയത്തിന് പ്രതിഷ്ഠിതമായ ജപമാലമാസമായും, പ്രേഷിത ചൈതന്യം പ്രകടിപ്പിക്കുന്ന മിഷൻമാസമായും നാം ഒക്ടോബർ മാസം ആചരിക്കുന്നു. എന്നാൽ 2023 വർഷത്തിൽ ഒക്ടോബർ മാസത്തിനുള്ള മറ്റൊരു പ്രത്യേകത സിനഡാത്മകതയെക്കുറിച്ചുള്ള സാർവത്രിക സഭയിലെ മെത്രാന്മാരുടെ സിനഡിന്റെ ഒന്നാം ഭാഗം 2023 ഒക്ടോബർ മാസം 4-ാം തീയതിമുതൽ 29-ാം തീയതിവരെയുള്ള ദിവസങ്ങളിൽ, റോമിൽ വച്ച് നടക്കുന്നു എന്നതാണ്. അതിന് ഒരുക്കമായി സെപ്റ്റംബർ മാസം 30-ാം തിയ്യതിമുതൽ സിനഡ് പിതാക്കന്മാർ ധ്യാനത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഈ അവസരത്തിൽ മെത്രാന്മാരുടെ സിനഡിന്റെ വിജയത്തിനായി പ്രാർത്ഥിക്കുവാൻ ഫ്രാൻസിസ് മാർപാപ്പയും സിനഡിനുവേണ്ടിയുള്ള കാര്യാലയത്തിന്റെ സെക്രട്ടറി ജനറൽ കർദിനാൾ മാരിയോ ഗ്രെക്കും ആവശ്യപ്പെട്ടിട്ടുണ്ട്. ഫ്രാൻസിസ് മാർപാപ്പ പറയുന്നു: പ്രാർത്ഥനയില്ലെങ്കിൽ സിനഡ് ഉണ്ടാകില്ല (2022 ഒക്ടോബറിലെ മാർപാപ്പയുടെ പ്രാർത്ഥനാനിയോഗം). സിനഡിനുവേണ്ടിയുള്ള പ്രാർത്ഥനയിൽ നമുക്കുണ്ടായിരിക്കേണ്ട മനോഭാവത്തേക്കുറിച്ചു കർദിനാൾ ഗ്രെക്ക് മെത്രാന്മാർക്കെഴുതിയ കത്തിൽ പറയുന്നത് ഇപ്രകാരമാണ്: 'പ്രാർത്ഥന 1. ശ്രവണമാണ് (ദൈവവചനത്തെയും പരിശുദ്ധാത്മാവിനെയും ശ്രവിക്കൽ) 2. ആരാധനയാണ് 3. മധ്യസ്ഥത വഹിക്കലാണ് 4. നന്ദിപ്രകാശനമാണ്. ഇപ്രകാരമുള്ള പ്രാർത്ഥനവഴി ദൈവജനം മുഴുവൻ സിനഡിൽ പങ്കുചേരുന്നു.

സീറോ മലബാർ സഭയിൽനിന്ന് മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി

പിതാവും ഞാനും ഈ സിനഡിൽ പങ്കെടുക്കുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥന പ്രത്യേകം അഭ്യർത്ഥിക്കുന്നു.

"ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം" എന്നതാണ് സിനഡിൽ മെത്രാന്മാരുടെ ചർച്ചാവിഷയമായി നൽകപ്പെട്ടിട്ടുള്ളത്. യേശു മൂലക്കല്ലും അപ്പസ്തോലന്മാർ അടിത്തറ യുമായി പരിശുദ്ധാത്മാവിനാൽ പണിയപ്പെട്ട ഭവനമായ സഭയിലെ അംഗങ്ങളായ (എഫേ. 2: 19-22) ദൈവജനമായ നാം, യേശുവിനോട് ചേർന്ന് ഒരുമിച്ച് നടക്കാനുള്ള ക്ഷണമായിട്ടാണ് (റോമ. 15: 5-6) സിനഡിനെ വിഭാവനം ചെയ്തിരിക്കുന്നത്. ശിരസ്സും (1 കോറി. 12: 12 -14; എഫേ. 5: 22-23) തായ്ത്തണ്ടും (യോഹ. 15: 5) ഇടയനും (യോഹ. 10: 11) മൂലക്കല്ലും (എഫേ. 2: 20-22) മണവാളനും (എഫേ. 5: 23) ആയ യേശുക്രിസ്തുവിന്റെ സഭ ആത്യന്തികമായി ദൈവജനത്തിന്റെ കൂട്ടായ്മയാണ്. ദൈവജനകൂട്ടായ്മയായ സഭയിലെ അംഗങ്ങളായ നാം യേശുവിന്റെ അവയവങ്ങളും ശിഖരങ്ങളും അജഗണവും ഭവനവും മണവാട്ടിയുമാണ്. അതിനാൽ, ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ യേശു വിഭാവനം ചെയ്തിരിക്കുന്നത് പങ്കുവയ്ക്കുന്ന സമൂഹ മായിട്ടാണ് . ഈ സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ് (യോഹ. 14: 16; റോമ. 8: 14; ഗലാ. 5: 16-25). പ്രേഷിതദൗത്യവുമായിട്ടാണ് സഭ സ്ഥാപിതമായിരിക്കുന്നത് (മർക്കോ. 16:15; മത്താ. 28: 19).

സിനഡിന്റെ പ്രവർത്തനരേഖയിൽ വ്യക്തമാക്കുന്നതുപോലെ, സിനഡാ ത്മകസഭ പ്രാവർത്തികമാകുന്നതിനുവേണ്ടി നമുക്കുണ്ടാകേണ്ട ശൈലി (1) ശ്രവണം [Listening], (2) പങ്കുവെക്കൽ [Sharing], (3) വിവേചിച്ചറിയൽ [Discernment] എന്നിവയാണ്. അതിനാൽ സിനഡാത്മകശൈലി എന്നു പറയുന്നത് ഏകാധിപത്യമോ, ജനാധിപത്യമോ അല്ല. അപ്പസ്തോല പ്രവർത്തനപുസ്തകത്തിലെ 15-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന ജെറുസലെം സുനഹദോസിന്റെ ശൈലി തന്നെയാണ് സിനഡാത്മക സഭയ്ക്കും ഉണ്ടാകേണ്ടത്. ആദിമസഭയിൽ ക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായപ്പോൾ അവർ പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോലസമൂഹത്തെ സമീപിച്ചു. അവർ വ്യത്യ സ്തങ്ങളായ അഭിപ്രായങ്ങൾ പങ്കുവച്ചെങ്കിലും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാണ് തീരുമാനത്തിൽ എത്തിയത്. അതുകൊണ്ടാണ് അവർ പറഞ്ഞത്: "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി" (അപ്പ. 15: 28). ഈ തീരുമാനം പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോല

സമൂഹം പ്രഖ്യാപിച്ചപ്പോൾ അത് സഭാംഗങ്ങൾ മുഴുവൻ സ്വീകരിച്ചു. നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണരീതിയെകുറിച്ചും മറ്റും ഭിന്നാഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടുന്നുണ്ടെങ്കിലും പത്രോസിന്റെയും അപ്പസ്തോലന്മാരുടെയും പിൻഗാമികൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് എടുക്കുന്ന തീരുമാനം സഭാംഗങ്ങൾ എല്ലാവരും ആദ്യന്തികമായി സ്വീകരിക്കണം. മൂലക്കല്ലായ ക്രിസ്തുവിനോടും അടിത്തറയായ പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോലന്മാരോടും അവരുടെ പിൻഗാമികളായ മാർപാപ്പയോടും മെത്രാന്മാരോടും കൂട്ടായ്മയിൽ നില്ക്കുന്നില്ലെങ്കിൽ സഭയാകുന്ന ഭവനം ദുർബലമാകും. നമ്മുടെയിടയിൽ വിഭജനങ്ങൾ ഉണ്ടാകുമ്പോൾ സഭയാകുന്ന ക്രിസ്തുവിന്റെ ഭവനം തന്നെയാണ് ബലഹീനമാകുന്നത്. സഭയെ നശിപ്പിക്കാൻ സഭാശത്രുക്കൾ ശ്രമിക്കുന്നതിനെതിരേ നാം ജാഗരൂകരായിരിക്കേണ്ടതാണ്. അതിനാൽ, ഇന്ന് നമ്മുടെ അതിരൂപതയിലെ വിശുദ്ധ കുർബാനയർപ്പണരീതിയേക്കുറിച്ചുള്ള തർക്കത്തിൽ മാർപാപ്പയുടെയും അദ്ദേഹത്തിന്റെ പ്രതിനിധികളുടെയും സഭാസമൂഹത്തിന്റെയും ഒപ്പം നടക്കാനും അതുവഴി കത്തോലിക്കാ സഭാകൂട്ടായ്മയെ ശക്തിപ്പെടുത്താനും ഞാൻ ഒരിക്കൽ കൂടി ഏവരോടും ആഹ്വാനം ചെയ്യുന്നു. ക്രിസ്തു നമുക്ക് നൽകിയ പ്രേഷിതദൗത്യം തുടരാൻ ഈ സാക്ഷ്യം അത്യന്താപേക്ഷിതമാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ 17-ാം അധ്യായത്തിൽ കാണുന്ന യേശുവിന്റെ പുരോഹിത പ്രാർത്ഥന ക്രിസ്തുശിഷ്യരുടെ കൂട്ടായ്മയ്ക്കുവേണ്ടിയുള്ളതാണ്. പരിശുദ്ധ ത്രിത്വത്തിലെ ഐക്യമാണ് മാതൃക. വിവിധ സ്വയാധികാര സഭകളുടെ കൂട്ടായ്മയായ കത്തോലിക്കാസഭയിൽ നാനാത്വത്തിൽ ഏകത്വമാണ് (Unity in diversity) നാം കാണുന്നത്. സഭയിലും അതിന്റെ കൂദാശകളിലും മറ്റും, അടിസ്ഥാന ഘടകങ്ങളും വൈവിധ്യങ്ങളുള്ള ഘടകങ്ങളുമുണ്ട്. കത്തോലിക്കാസഭയിലെ വിശ്വാസം, ധാർമികത, അധികാരശ്രേണി എന്നിവ അടിസ്ഥാനപരമായി ഒന്നു മാത്രമാണ്. എന്നാൽ, സംസ്ക്കാരത്തിന്റെയും ചരിത്രപശ്ചാത്തലത്തിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെട്ടിട്ടുള്ള വിവിധ സ്വയാധികാരസഭകളുടെ റീത്തിന്റെ ഭാഗമായ ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, നിയമക്രമം എന്നീ ഘടകങ്ങളിൽ വൈവിധ്യങ്ങളുണ്ട് (CCEO.c.28). അതുപോലെതന്നെ, ഓരോ സ്വയാധികാര സഭയുടെയും റീത്തിലെ പ്രത്യേകതകളിൽ ഐക്യരൂപത്തിലുള്ള അടി

സ്ഥാനഘടകങ്ങളും വൈവിധ്യങ്ങളുള്ള ഘടകങ്ങളുമുണ്ട്. നമ്മുടെ കുർബാനയിലും ഈ രീതി കാണാം. അതേസമയം അടിസ്ഥാന ഘടനയിൽ ഐക്യരൂപം അത്യാവശ്യമാണ്.

യേശുവിൽനിന്ന് അപ്പസ്തോലന്മാരിലൂടെ കൈമാറി തലമുറകളായി നമുക്ക് ലഭിച്ചതാണ് (1 കോറി. 11: 23) കുർബാനയർപ്പണം. സഭാനിയമം വ്യക്തമായി അനുശാസിക്കുന്നതുപോലെ (CCEO. cc. 150/-2; 199-/1, 3) ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് മെത്രാന്മാരുടെ സിനഡും മാർപാപ്പയുമാണ്. എല്ലാ സഭാംഗങ്ങളും ഈ തീരുമാനം സ്വീകരിക്കാൻ ബാധ്യസ്ഥരുമാണ്.

സീറോമലബാർസഭയുടെ തനതായ പൈതൃകവും കാലോചിതമായ അനുരൂപണവും കണക്കിലെടുത്ത് ഔദ്യോഗികമായി പരിഷ്കരിച്ച കുർബാനയർപ്പണരീതിയിൽ, യേശു ജനങ്ങളെ പഠിപ്പിച്ചതിന്റെ മാതൃകയിൽ വചനശുശ്രൂഷയുടെ (Liturgy of the Word) ഭാഗത്ത് കാർമികൻ ജനങ്ങളെ അഭിമുഖീകരിച്ച് നിൽക്കുന്നു. എന്നാൽ, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി (യോഹ. 1: 29) മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി യേശു തന്നെത്തന്നെ പിതാവിന് ബലിയായി (Redemptive Sacrifice) അർപ്പിച്ചതിന്റെ (സമർപ്പണം = കുർബാന) അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിലുള്ള ഓർമ്മയാചരണമായ സ്തോത്രബലിയർപ്പണഭാഗത്ത് (അനാഫൊറ – Liturgy of the Eucharist) യേശുവിന്റെ പ്രതിനിധിയായ കാർമ്മികനും ജനങ്ങളും ഒരേ ദിശയിൽ പിതാവിലേക്ക് (സ്വർഗ്ഗത്തിലേക്ക്/അൾത്താരയിലേക്ക്) അഭിമുഖമായി നിൽക്കുന്നു. ബലിയർപ്പണത്തിനും കുർബാന സ്വീകരണത്തിനുംശേഷം പ്രേഷിതദൗത്യവുമായി വിശുദ്ധ കുരിശിന്റെ അടയാളത്തിൽ മുദ്രവെച്ച് അയക്കുന്ന സമാപനഭാഗത്ത് കാർമികൻ വീണ്ടും ജനാഭിമുഖമായി നില്ക്കുന്നു. സഭ ഔദ്യോഗികമായി അംഗീകരിച്ച ഈ അടിസ്ഥാനക്രമം എല്ലാവരും സ്വീകരിച്ച് നമ്മുടെ കൂട്ടായ്മ അഭംഗുരം കാത്തുസൂക്ഷിക്കാൻ ഞാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു.

അതേസമയം 2022 സെപ്റ്റംബർ 30ന് ഞാൻ നിങ്ങൾക്ക് എഴുതിയ സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ രൂപതകൾക്ക് സ്വീകരിക്കാവുന്ന അനുവദിക്കപ്പെട്ട വൈവിധ്യങ്ങൾ നമുക്ക് തുടരാവുന്നതാണ്. ഉദാഹരണമായി മദ്ബഹവിരി നാം ഉപയോഗിക്കുന്നില്ല; കുരിശു വരച്ച് നമുക്ക് കുർബാന ആരംഭിക്കാവുന്നതാണ്; കാർമ്മികന് അനുവദിച്ചി

ട്ടുള്ള ഐശ്ചികങ്ങൾ തുടർന്നും നിലനിൽക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വളരെയേറെ തെറ്റായ പ്രചരണങ്ങൾ ഇന്ന് നടക്കുന്നുണ്ട്. അതിനെതിരെ നമുക്ക് നിതാന്തജാഗ്രത ഉണ്ടാകണം. ജപമാല, കുരിശിൻറെ വഴി, ക്രൂശിതരൂപം, പരിശുദ്ധ കുർബാനയുടെ ആരാധന, വിശുദ്ധരോടുള്ള ഭക്തി തുടങ്ങിയവ നമ്മുടെ അതിരൂപതയിൽ ഇനിമുതൽ ഉണ്ടാകുകയില്ല തുടങ്ങിയവയാണ് ദുരുദ്ദേശപരമായ ഈ തെറ്റായ പ്രചരണങ്ങൾ. ഇവ തികച്ചും വാസ്തവവിരുദ്ധമാണ് എന്ന് പറയേണ്ടതില്ലല്ലോ.

നമ്മുടെ അതിരൂപതയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തെക്കുറിച്ചുള്ള പ്രതിസന്ധി വളരെ പ്രതികൂലമായി സഭാജീവിതത്തെ ബാധിച്ചിട്ടുണ്ട്. വിശ്വാസപരിശീലനം, കുടുംബക്കൂട്ടായ്മ പരിപോഷണം, സാമൂഹ്യ സേവനം, രാഷ്ട്രനിർമ്മിതി തുടങ്ങിയവയ്ക്ക് പ്രാധാന്യം കൊടുക്കേണ്ടതിനുപകരം, മറ്റു കാര്യങ്ങളിലേക്ക് ശ്രദ്ധമാറുന്നതിനാൽ നമ്മുടെ അതിരൂപത ബലഹീനമായിക്കൊണ്ടിരിക്കുകയാണ്. ഐക്യത്തിന്റെ കൂദാശയായ പരിശുദ്ധ കുർബാനയുടെ അർപ്പണരീതിയെക്കുറിച്ചുള്ള തർക്കത്തിന്റെ പേരിൽ വൈദികപരിശീലനരംഗവും സ്തംഭനാവസ്ഥയിലായി എന്നത് വലിയ വേദന ഉളവാക്കുന്നതാണ്. യേശുവിനോടും അപ്പസ്തോലന്മാരുടെ പിൻഗാമികളോടുംചേർന്ന് സഹഗമിക്കാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനംചെയ്തതുപോലെ നമ്മുടേതായ അഭിപ്രായങ്ങളിൽ നിന്ന് 'ഒരു ചുവട് പിന്നോട്ട്വച്ച്' സഭാകൂട്ടായ്മ ശക്തിപ്പെടുത്താൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ അതിരൂപതയിലുണ്ടായ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് മെത്രാന്മാരുടെ സിനഡ് നിശ്ചയിച്ച കമ്മറ്റി നടത്തിയ ചർച്ചകളിലുണ്ടായ നിർദ്ദശങ്ങളിന്മേൽ പരിശുദ്ധ സിംഹാസനത്തിന്റ തീരുമാനമാണ് അന്തിമമായിരിക്കന്നത്. നമ്മുടെ അതിരൂപതയ്ക്കായി ഫ്രാൻസിസ് മാർപാപ്പ നിയോഗിച്ച പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നും നമുക്ക് സ്വീകരിക്കാം. നമ്മുടെ അതിരൂപതയിലെ പ്രതിസന്ധികൾ എത്രയും വേഗം പരിഹൃതമാകാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. സഭാകൂട്ടായ്മയോടെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

തിരുസ്സഭ വളരെയേറെ വെല്ലുവിളികൾ നേരിടുന്ന ഈ അവസരത്തിൽ ഈശോയുടെ തിരുഹൃദയത്തിന്റെ കൃപയ്ക്കായി, ജപമാലരാജ്ഞിയുടെ മാധ്യസ്ഥ്യംതേടി നമുക്ക് അപേക്ഷിക്കാം. മെത്രാന്മാരുടെ

സിനഡിന്റെ വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ ആൻഡ്രൂസ് താഴത്ത്
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി അതിരൂപത

NB: 1. ഈ സർക്കുലർ 24-09-2023 ഞായറാഴ്ചയൊ 1-10-2023 ഞായറാഴ്ചയൊ പള്ളികളിൽ കുർബാനയോടുകൂടി വായിക്കുകയൊ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയൊ ചെയ്യേണ്ടതാണ്.

2. സിനഡ് സെക്രട്ടറി കർദ്ദിനാൾ മാരിയൊ ഗ്രേക്ക് മെത്രാന്മാർക്ക് അയച്ച കത്തിന്റെയും സിനഡിന്റെ വിജയത്തിനായി പരിശുദ്ധ സിംഹാസനം നൽകിയ പ്രാർത്ഥനയുടെയും മലയാളരൂപം ഇതോടൊപ്പം അയക്കുന്നുണ്ട്.

---

# മെത്രാന്മാർക്കുള്ള കത്ത്

**കർദ്ദിനാൾ മാരിയൊ ഗ്രേക്ക്**

ജനറൽ സെക്രട്ടേറി, സിനഡിന് വേണ്ടിയുള്ള കാര്യാലയം

വത്തിക്കാൻ, 12 സെപ്റ്റംബർ 2023

മെത്രാന്മാരായ പ്രിയ സഹോദരരേ,

“2021 ഒക്ടോബറിൽ ഫ്രാൻസിസ് പാപ്പാ സഭ മുഴുവനെയും സിനഡിൽ വിളിച്ചു കൂട്ടിയതുമുതൽ ദൈവജനം മുന്നോട്ടു നീങ്ങികൊണ്ടിരിക്കുകയായിരുന്നു” (പ്രവർത്തനരേഖ 1). ദൈവജനത്തിന്റെ കൂടിയാലോചനയോടെ ആരംഭിച്ച ഈ പ്രക്രിയയിൽ ഇപ്പോൾ നാം മറ്റൊരു നാഴികക്കല്ലിൽ എത്തിയിരിക്കുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ, ഒക്ടോബർ 4-ന്, മെത്രാൻസിനഡിന്റെ 16-ാമത് സാധാരണ പൊതുസമ്മേളനത്തിന്റെ ആദ്യ സെഷൻ - “ഒരു സിനഡാത്മക സഭയ്ക്കു വേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം”- പരിശുദ്ധപിതാവ് ഉദ്ഘാടനം ചെയ്യും.

"പ്രാർഥന കൂടാതെ സിനഡ് ഉണ്ടാകില്ല" (ഫ്രാൻസിസ് പാപ്പാ, 2022 ഒക്ടോബർ മാസത്തേക്കുള്ള പ്രാർഥനാ നിയോഗം). എല്ലാറ്റിനുമുപരി യായി, സിനഡൽ അസംബ്ലിയിലെ അംഗങ്ങൾ മാത്രമല്ല, ജ്ഞാന സ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും ഓരോ പ്രാദേശികസഭയും ഉൾപ്പെടുന്ന പ്രാർഥനയുടെയും ശ്രവണത്തിന്റെയും ഒരു പ്രക്രിയയാണ് സിനഡ്. വാസ്തവത്തിൽ, കർത്താവ് ഇന്ന് തന്റെ സഭയോട് എന്താണ് ആവശ്യപ്പെടുന്നതെന്ന് വിവേചിച്ചറിയാൻ നമ്മെ നയിക്കുന്നതിനായി, പ്രാർഥനയുടെയും പരിശുദ്ധാത്മാവിനോടുള്ള നിഷ്കർഷയോടുള്ള അഭ്യർത്ഥനയുടെയും കൂട്ടായ്മയിൽ ഒന്നാകാൻ ഈ സമയത്ത് നാമെ ല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, പ്രാദേശികസഭകളിലെ "ഐക്യത്തിന്റെ ദൃശ്യമായ ഉറവിടവും അടിത്തറയും" (LG 23) ആയവരും, തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ പ്രാർഥന യുടെ ആദ്യ ആനിമേറ്റർമാരുമായ നിങ്ങൾക്ക് ഞാൻ എഴുതുന്നു. അതായത്, പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായ്ക്കും സിനഡൽ അസംബ്ലിയിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി സഭ മുഴുവനിൽനിന്നും "ഇടവിടാത്ത പ്രാർഥന" (അപ്പ 12:5) ദൈവത്തിലേക്ക് ഉയരട്ടെ. നിങ്ങ ളുടെ പ്രാദേശികസഭയിലെ ഓരോ ക്രിസ്ത്യൻ സമൂഹത്തിൽനിന്നും, പ്രത്യേകിച്ച് സന്യാസസമൂഹങ്ങളിൽനിന്നും, ഏകകണ്ഠവും നിരന്തര വുമായ പ്രാർത്ഥന സിനഡിനുവേണ്ടി നടത്താൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. പ്രാർത്ഥന എന്നത് ഓരോ മെത്രാന്റെയും സംഘാ ത്മക പ്രവർത്തനത്തിലുള്ള യുക്തമായ പങ്കാളിത്തത്തിന്റെ രൂപങ്ങളിൽ ഒന്നും, സാർവത്രിക സഭയോടുള്ള സവിശേഷ പരിഗണനയുടെ ശ്രേഷ്ഠമായ ഒരു അടയാളവുമാണല്ലോ (cf. *Apostolorum successors*, 13).

പ്രാർത്ഥനയുടെ വ്യത്യസ്തരൂപങ്ങൾ സഭയുടെ സിനഡാത്മക ജീവിത ത്തിന്റെ ബഹുമുഖ ആവിഷ്കാരങ്ങൾ മാത്രമാണ്. ആത്യന്തികമായി, **പ്രാർത്ഥന എന്നത് ശ്രവിക്കലാണ്.** സിനഡാത്മക പ്രയാണം ഉദ്ഘാടനം ചെയ്തുകൊണ്ട് പരിശുദ്ധപിതാവ് പറഞ്ഞു, "അപ്പോൾ, ഒരു ശ്രവിക്കുന്ന സഭയാകുന്നതിനും, നമ്മുടെ ദിനചര്യകളിൽനിന്ന് പുറത്തു കടന്ന്, അജപാലന വ്യാപരങ്ങളിൽനിന്ന് താൽക്കാലികമായി വിരമിച്ചു കൊണ്ട് നിൽക്കാനും ശ്രവിക്കാനും സിനഡ് നമുക്ക് അവസര മൊരുക്കുന്നു (Moment of Reflection, Rome, Oct.9, 2021). പ്രാർത്ഥനയിലെ ആദ്യപടി ദൈവവചനം ശ്രവിക്കുക, ആത്മാവിനെ ശ്രവിക്കുക എന്ന താണ്. അതിനാൽ, സിനഡ് അസംബ്ലി തുറക്കുന്നതിനായി ജ്ഞാന സ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും നല്കേണ്ട ആദ്യ സംഭാവന

ദൈവവചനത്തെയും ആത്മാവിനെയും ശ്രവിക്കുക എന്നതാണ്; സഭാസംബന്ധമായ വിവേചിച്ചറിയലിന് ആത്മാവിന്റെ സ്വരം അനിവാര്യമാണെന്ന (*sine qua non*) ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം നാം ചെയ്യുന്നത്.

പ്രാർത്ഥനയുടെ രണ്ടാമത്തെരൂപം അഥവാ വശം **ആരാധനയാണ്**. പരിശുദ്ധപിതാവ് പറഞ്ഞു, "ഇന്ന് നമുക്ക് ആരാധനയുടെ പ്രാർത്ഥന എത്രമാത്രം നഷ്ടപ്പെട്ടിരിക്കുന്നു; നിരവധി ആളുകൾക്ക് ഈ ശീലം മാത്രമല്ല, ദൈവത്തെ ആരാധിക്കുക എന്നതിന്റെ അർഥംപോലും കൈമോശം വന്നിരിക്കുന്നു!" (Rome, Oct 9, 2021). അതിനാൽ, ശ്രവണത്തിനുശേഷം വേണ്ടത് ദൈവം തന്റെ സഭയോട് പറയുന്നതിനെക്കുറിച്ചും ഇന്ന് സഭയിൽ ആത്മാവ് ഉണർത്തുന്നതിനെക്കുറിച്ചും ആദരവോടെ ആരാധ്യമായ നിശബ്ദതയിൽ ആയിരിക്കുക എന്നതാണ്. ഇതുവരെ കടന്നുപോയ സിനഡാത്മകപാത നമ്മെ അദ്ഭുതത്തിലേക്കും വിസ്മയത്തിലേക്കും നയിക്കുന്ന ഒന്നാണ്: അതായത് വിധിക്കു കീഴടങ്ങൽ എന്ന ദുഃഖാവസ്ഥയിൽ നിന്നു നമ്മുടെ ദൃഷ്ടി പരിവർത്തനപ്പെടുത്തുന്നതിലേക്കും (ലൂക്കാ 25:17 കാണുക), തങ്ങളുടെ ഇടയിൽ ഉത്ഥിതനായവന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ് സന്തോഷകരമായ പ്രേഷിത ദൗത്യത്തിലേക്കു പ്രവേശിക്കുന്നതിലേക്കും (ലൂക്കാ 24:33 കാണുക).

പ്രാർത്ഥനയുടെ മൂന്നാമത്തെ വശം **മാധ്യസ്ഥ്യം വഹിക്കലാണ്**. മധ്യസ്ഥ പ്രാർത്ഥനയുടെ ഫലപ്രാപ്തിയിൽ നാം വിശ്വസിക്കണം, അത് ദൈവഹിതം നമ്മുടേതിലേക്ക് മാറ്റുന്നതല്ല. മറിച്ച്, നാം അവിടത്തെ ഹിതം വിവേചിച്ചറിഞ്ഞ് തദനുസാരം പ്രവർത്തിക്കാൻ തക്കവണ്ണം അവിടത്തെ ജീവദായകമായ ആത്മാവിന്റെ ശക്തിയാൽ നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കാൻ കർത്താവിനോട് അപേക്ഷിക്കുന്നതാണ് മധ്യസ്ഥത. "മാധ്യസ്ഥ്യം വഹിക്കുക" എന്നതിനർത്ഥം ഉത്തരവാദിത്തം ഏറ്റെടുക്കുക, നമ്മുടെ പങ്കാളിത്തവും ഇടപെടലും ദൈവമുമ്പാകെ പ്രഖ്യാപിക്കുക എന്നുമാണ്. "മാധ്യസ്ഥ്യം വഹിക്കുക" എന്നത് അർഥമാക്കുന്നത് "എനിക്ക് താൽപ്പര്യമുണ്ട്, ഞാൻ ഉൾപ്പെട്ടിരിക്കുന്നു, ഇത് എന്റേതാണ്" എന്ന് പറയുന്നതാണ്. സിനഡ് അസംബ്ലിക്കുവേണ്ടി, അതിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി, വിശിഷ്യാ, തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നമ്മോട് പലപ്പോഴും ആവശ്യപ്പെടുന്ന പരിശുദ്ധ പിതാവിനുവേണ്ടി, മാധ്യസ്ഥ്യം വഹിക്കുന്നതിലൂടെ നാം സിനഡിന്റെ ഏറ്റവും ഉയർന്ന പങ്കാളിത്തത്തിലാണ് ഉൾച്ചേരുന്നത്.

അവസാനമായി, പ്രിയ സഹോദരന്മാരേ, പ്രാർത്ഥന **കൃതജ്ഞതാപ്രകാശനമാണ്**. അത് നമ്മുടെ എല്ലാ പ്രവൃത്തികളിലും ക്രൈസ്തവ സമൂഹത്തിന്റെ ജീവിതത്തിലും ദൈവത്തിന്റെ പ്രവർത്തനത്തിന്റെയും കൃപയുടെയും പ്രഥമസ്ഥാനം നാം തിരിച്ചറിയുന്നു എന്നാണ് അർഥമാക്കുന്നത്. പരിശുദ്ധപിതാവ് പറഞ്ഞു, "നന്ദിപ്രകാശനത്തിന്റെ പ്രാർഥന എപ്പോഴും ആരംഭിക്കുന്നത് ഇവിടെനിന്നാണ്: കൃപ നമ്മുക്ക് മുമ്പേ ഉണ്ടായിരുന്നു എന്നുള്ള തിരിച്ചറിവ്. എങ്ങനെ ചിന്തിക്കണമെന്ന് നാം പഠിക്കുന്നതിനു മുമ്പേതന്നെ നമ്മൾ ചിന്തിക്കപ്പെട്ടു; സ്നേഹിക്കാൻ നാം പഠിക്കുന്നതിനു മുമ്പേതന്നെ നമ്മൾ സ്നേഹിക്കപ്പെട്ടു; നമ്മുടെ ഹൃദയങ്ങൾ ഒരാഗ്രഹം രൂപവൽക്കരിക്കുന്നതിനുമുമ്പേ, നമ്മൾ ആഗ്രഹിക്കപ്പെട്ടു." (General Audience, Dec. 30, 2020). നന്ദിയുടെ പ്രാർത്ഥന ഒരു യഥാർഥ "തെറാപ്പി" ആണ്. അത് നാം നമ്മിലേക്കുതന്നെ പിൻവാങ്ങുന്നതിൽനിന്നും നമ്മെ മാറ്റി, ദൈവം തന്റെ സഭയിൽ തുടരുന്ന പ്രവർത്തനങ്ങൾ കണ്ടെത്താൻ കഴിയുന്ന തുറവിയിലേക്ക് നമ്മെ നയിക്കുന്നു.

പ്രിയ സഹോദരന്മാരേ, ശ്രവണത്തിന്റെയും ആരാധനയുടെയും മധ്യസ്ഥതയുടെയും കൃതജ്ഞതയുടെയും പ്രാർത്ഥനവഴി, മുഴുവൻ സഭാസമൂഹവും, ആത്മാവിന്റെ ശക്തിയിൽ, ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരെയും സംബന്ധിക്കുന്ന ഒരു വിശേഷ സംഭവമെന്നരീതിയിൽ സിനഡൽ അസംബ്ലിയിൽ സന്നിഹിതരായിരിക്കും. ഒക്ടോബർ 1, ഞായറാഴ്ചയിലെ (ആണ്ടുവട്ടത്തിലെ 26-ാം A വർഷം) വചനപ്രഘോഷണത്തിലും സാർവത്രിക പ്രാർത്ഥനകളിലും, ദിവ്യപൂജയുടെ സമാപനാശീർവാദത്തിലും സിനഡൽ അസംബ്ലിക്കുവേണ്ടിയുള്ള പ്രാർത്ഥനക്ക് ഊന്നൽ നൽകുന്നതിനായി ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ഈ ആവശ്യത്തിനായി സാർവത്രിക പ്രാർത്ഥനകൾക്കും സമാപനാശീർവാദത്തിനും ഉപയോഗിക്കാവുന്ന ചില ടെക്സ്റ്റുകൾ ഇതോടൊപ്പം നല്കുന്നു.

സിനഡാത്മക യാത്രയിൽ പ്രാദേശികസഭകളെ നയിക്കുന്ന നിങ്ങളുടെ ഔത്സുക്യത്തിന് നിങ്ങളോടും, നമ്മുടെ സഭായാത്രയെ പുഷ്ടിപ്പെടുത്തുന്ന ഐക്യത്തിന്റെ ദാനങ്ങൾക്കും ആനന്ദപൂരിതമായ പ്രതീക്ഷയ്ക്കും കർത്താവിനോടും ഞാൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നിങ്ങൾക്കും നിങ്ങളുടെ ശുശ്രൂഷകൾക്കുംവേണ്ടി ആഗോളസഭയെ പ്രതിനിധാനം ചെയ്തുകൊണ്ട് എന്റെ പ്രാർഥനകൾ ഞാൻ വാഗ്ദാനം

ചെയ്യുന്നു. കർത്താവിന്റെ ആത്മാവ് നമ്മെ പ്രകാശിപ്പിക്കുകയും എപ്പോഴും അവിടത്തെ ഹിതത്തിന്റെ പാതയിൽ നമ്മെ നയിക്കുകയും ചെയ്യട്ടെ, എന്തെന്നാൽ അവിടത്തെ വചനം മാത്രമാണ് നമ്മെ ജീവിപ്പിക്കുന്നത് (സങ്കീ 119:50, കാണുക); അതിലാണ് നാം നമ്മുടെ ആനന്ദം കണ്ടെത്തുന്നത്.

സ്നേഹപൂർവം,

മാരിയോ കർദിനാൾ ഗ്രെക്ക്,
ജനറൽ സെക്രട്ടറി

## സാർവത്രികപ്രാർഥന-മധ്യസ്ഥപ്രാർഥന

*സിനഡ് അസംബ്ലി ആരംഭിക്കുന്നതിന് മുമ്പുള്ള ഞായറാഴ്ചകളിൽ, ഉപയോഗിക്കുന്നതിനായി തയ്യാറാക്കിയ പ്രാർഥനകളാണ് താഴെ കൊടുത്തിരിക്കുന്നത്.*

- സഭയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു: സഭയിൽ സജീവമായി പ്രവർത്തിക്കുന്ന സുവിശേഷത്തിന്റെ സാന്നിധ്യം, സിനഡൽ യാത്രയുടെ ഒരു പുതിയ ഘട്ടത്തിന്റെ തലേന്ന്, സഭയെ ഉപമയിലെ മുന്തിരിത്തോട്ടം പോലെയാക്കട്ടെ. ജീവിതത്തിന്റെ അർഥം അന്വേഷിക്കുന്ന എല്ലാ പുരുഷന്മാരും സ്ത്രീകളും കണ്ടെത്തുന്ന ഒരു സ്ഥലമായും, ഒരു വാക്കായും, പ്രതീക്ഷയുടെ ഒരു ശ്വാസമായും സഭ രൂപാന്തരപ്പെടട്ടെ എന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

- *സമൂഹം:* കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.

- സിനഡൽ അസംബ്ലിയിൽ പങ്കെടുക്കുന്ന മെത്രാന്മാർക്കും മറ്റെല്ലാവർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു: പരിശുദ്ധാത്മാവിനെ ശ്രവിക്കുന്നതിലൂടെ നിർദേശങ്ങൾ ഉയർന്നുവരട്ടെ. അങ്ങനെ മുഴുവൻ ദൈവജനവും തങ്ങൾ സഭയുടെ ജീവിതത്തിൽ യഥാർഥത്തിൽ പങ്കാളികളാണെന്ന് ഗ്രഹിക്കുന്നതിനും, അവർ സുവിശേഷത്തിന്റെ പുതുമയുടെ സജീവവും ആകർഷകവുമായ സാക്ഷികളായി കൂട്ടായ്മയുടെ ചലനാത്മകതയിൽ ഈ ലോകത്തിൽ ജീവിക്കുന്നതിനും ഇടവരട്ടെ എന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

- *സമൂഹം:* കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.

- ദൈവശാസ്ത്രജ്ഞർക്കുവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു: സിനഡൽ അസംബ്ലിയുടെ പ്രവർത്തനങ്ങൾ ക്കായുള്ള അവരുടെ സംഭാവനകളിൽ, ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ദാനങ്ങൾ ഉണ്ടായിരിക്കട്ടെ. അങ്ങനെ വിശ്വാസത്തിന്റെ ദാനം എല്ലാ ദൈവജന ത്തിനും ജീവനായി തീരട്ടെ എന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.

– *സമൂഹം:* കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.

- സത്യവും ആധികാരികവുമായ സാക്ഷ്യവും, മൂർത്തതയും ആത്മീയതയും അന്വേഷിക്കുന്ന യുവജനങ്ങൾക്ക് വേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു: സിനഡൽ യാത്രയുടെ ഫലമായി, ഇന്നത്തെ ലോകത്തിന്റെ വെല്ലുവിളികൾക്കിടയിലും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അവർ കൂടുതലായി ഇടപെടുന്നതിനായും, യേശുവു മായുള്ള കണ്ടുമുട്ടലിലുംനിന്ന് ഉദ്ഭവിക്കുന്ന പ്രത്യാശ, അവരുടെ പ്രായത്തിന്റെ ആവേശത്തോടെ, അനേകർക്ക് നല്കുന്നതിനായും യുവജനങ്ങൾക്ക് സാധിക്കുന്നതിനായും ഞങ്ങൾ പ്രാർഥിക്കുന്നു.

– *സമൂഹം:* കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.

- യേശുവിന്റെ തിരുശരീരരക്തത്തിലൂടെ ഓരോരുത്തർക്കും ലഭി ക്കുന്ന കർത്താവിന്റെ നന്മ ആസ്വദിക്കുന്നതിലൂടെ, നമുക്ക് നമ്മുടെ അയൽക്കാരെക്കുറിച്ചുള്ള ഒരു പുതിയ വീക്ഷണം ലഭിക്കാനും, നാം ജീവിക്കുന്ന ലോകത്തിൽ മഹാമനസ്കതയുടെ സാക്ഷികളാകാനും കഴിയുന്നതിനായി, ലോകമെമ്പാടുമുള്ള ക്രിസ്തീയ സമൂഹങ്ങളു മായുള്ള ഐക്യത്തിൽ, ഇവിടെ ഒത്തുകൂടിയിരിക്കുന്ന നമ്മൾ പ്രാർഥിക്കുന്നു.

– *സമൂഹം:* കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.

No: 3918/K-5/KCBC/OL/DS 14.09.2023

# 2023 ആഗോളപ്രേഷിതദിനത്തിൽ
## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

*"ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ"*
*(ലൂക്കാ 24: 13-35 കാണുക)*

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ കഥയെ ആസ്പദമാക്കി, "ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ," എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറിന് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ആ രണ്ട് ശിഷ്യരും അസ്വസ്ഥരും നിരാലംബരും ആയിരുന്നു. എന്നാൽ, വചനത്തിലും അപ്പം മുറിക്കലിലും ക്രിസ്തുവിനെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടുക്കുകയുണ്ടായി. ഉടൻതന്നെ ജറുസലേമിലേക്ക് തിരികെ പോകാനും "കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു" എന്ന് പ്രഖ്യാപിക്കാനുമുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്ക് ഉണ്ടായ ഈ മാനസാന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിൽ ഉണ്ടായ വ്യത്യാസത്തിലേക്ക് സുവിശേഷ വിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽചൂണ്ടുന്നു: യേശു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ, അവരുടെ ഉള്ളിൽ "അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക" ആയിരുന്നു; അവർ അവിടത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ "അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;" അവസാനമായി, "അവരുടെ പാദങ്ങൾ പാത പുൽകി." പ്രേഷിതശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്ന് ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷവൽക്കരണ പ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്ക് നവീകരിക്കാം.

1. "അവൻ നമുക്ക് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുതന്നപ്പോൾ," നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുക ആയിരുന്നു. നമ്മുടെ

പ്രേഷിത പ്രവർത്തനത്തിൽ *ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.*

ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ട് ശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസം അർപ്പിച്ചിരുന്ന യേശുവിന്റെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ പരാജയ പശ്ചാത്തലത്തിൽ അവിടന്ന് മിശിഹാ ആണെന്നുള്ള അവരുടെ പ്രത്യാശപൂർവ്വമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു (വാ. 21 കാണുക).

"അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തു കൊണ്ടുപോകുമ്പോൾ യേശുതന്നെ അടുത്തെത്തി അവരോടൊപ്പം യാത്രചെയ്തു" (വാ. 15). ആദ്യശിഷ്യരെ വിളിച്ച വേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈയെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടന്ന് അവരെ സമീപിച്ച്, അവരുടെ കൂടെനടക്കുന്നു. അതുപോലെ തന്റെ നിസ്സീമമായ കരുണയാൽ അവിടത്തേക്ക് നമ്മോട് ഒരിക്കലും മടുപ്പ് തോന്നുകയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടത്തെ കരുണ; അല്പവിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം "ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും" (വാ. 25) ആയാൽപ്പോലും.

അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിത ശിഷ്യരോട് ചേർന്നിരിക്കുന്നു. അവിടന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹപ്പെട്ടവരും തങ്ങൾക്ക് ചുറ്റും നിൽക്കുന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ ഭയപ്പെടുന്നവരും ആകുമ്പോൾ. ആകയാൽ, "പ്രത്യാശ മോഷ്ടിക്കപ്പെട്ടവരാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം" (*സുവിശേഷത്തിന്റെ സന്തോഷം*, [*Evangelii Gaudium*], 86). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീതനായവനാണ് കർത്താവ്, പ്രത്യേകിച്ച് ലോകത്തോട് സുവിശേഷം പ്രഘോഷിക്കുക എന്ന നമ്മുടെ ദൗത്യത്തിന് മുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടത്തേതാണ്; നമ്മൾ കേവലം വിനീത സഹപ്രവർത്തകരത്രേ, "പ്രയോജനമില്ലാത്ത ദാസർ" (ലൂക്കാ 17:10 കാണുക).

ഇത്തരുണത്തിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോകംമുഴുവനുമുള്ള എല്ലാ സ്ത്രീ പുരുഷന്മാരെയും എന്റെ സാമിപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിൽ ആയിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോട്. പ്രിയ സുഹൃത്തുക്കളേ, ഉത്ഥിതനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യവും വിദൂര നാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടന്ന് കാണുന്നു. നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘരഹിതവും ആണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, തന്റെ പീഡാനുഭവത്തിനുമുമ്പായി തന്റെ സുഹൃത്തുക്കളോട് അവിടന്ന് പറഞ്ഞത് നമുക്ക് വിസ്മരിക്കാതിരിക്കാം: "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കി യിരിക്കുന്നു" (യോഹ 16:33).

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ട് ശിഷ്യരെ ശ്രവിച്ചശേഷം, "മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കാ 24:27). ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതു പോലെ, ഉത്സാഹഭരിതമായി: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ?" (വാ. 32). യേശുതന്നെയാണ് ജീവിക്കുന്ന വചനം; അവിടത്തേക്കു മാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനാവൂ; എന്തെന്നാൽ അവിടന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വിശുദ്ധ ജെറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: "വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്" (*ഏശയ്യായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം*, ആമുഖം [*Commentary on Isaiah*, Prologue]). "കർത്താവ് നമുക്കത് വ്യാഖ്യാനിച്ചുതന്നില്ലെങ്കിൽ, വിശുദ്ധലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്ക് കഴിയുകയില്ല; അതേസമയം, മറിച്ചുള്ളതും ഇതുപോലെതന്നെ സത്യമാണ്: വിശുദ്ധലിഖിതങ്ങൾ ഇല്ലാതെ യേശുവിന്റെ ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ടമായിരിക്കും" (*അവൻ അവർക്ക്*

*തുറന്നുകൊടുത്തു*, 1 [*Aperuit Illis*]). ആയതിനാൽ, ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും പ്രസംഗിക്കണമെങ്കിലാകട്ടെ ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നത് നിങ്ങളുടെ ആശയങ്ങളും പദ്ധതികളും ആയിരിക്കില്ലേ? ഒരു തണുത്ത ഹൃദയത്തിന് മറ്റു ഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാൻ ആകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്ക് വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചുതരുന്നതിനാൽ അവിടുന്നിനാൽ അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടന്ന് നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; അവിടന്ന് നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്ക് ലോകത്തിന്റെ മുമ്പിൽ അവിടത്തെ ആത്മാവിൽനിന്നുവരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

2. അപ്പം മുറിച്ചപ്പോൾ “ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു.” ദിവ്യകാരുണ്യത്തിലെ യേശു നമ്മുടെ പ്രേഷിതദൗത്യത്തിന്റെ ഉറവയും ഉച്ചിയും ആണ്.

ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്ക് പോയ ശിഷ്യർ നേരം സന്ധ്യയായതിനാൽ തങ്ങളുടെ കൂടെചേർന്ന ആ അപരിചിതനായ വഴിപോക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശക്കരികിൽ ഇരുന്നനേരം അവിടന്ന് അപ്പം മുറിച്ച് നൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാൻ ഇടയാക്കിയ നിർണായക ഘടകം യേശു നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികൾ ആണ്: അവിടന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദ  ഭവനത്തിലെ കുടുംബനാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ. എന്നാൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ യേശുക്രിസ്തു അത് ചെയ്തപ്പോൾ മേശയ്ക്കരികിൽ ഇരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പിക്കലിന്റെയും, എല്ലാറ്റിനും ഉപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ അപ്പം മുറിച്ച അതേ നിമിഷംതന്നെ, അവർ യേശുവിനെ

തിരിച്ചറിഞ്ഞപ്പോൾതന്നെ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന യാഥാർഥ്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടന്ന് ശിഷ്യരുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടുന്ന് ഇനിമേൽ കാണപ്പെടുന്നില്ല; അവിടുന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അത് അവരെ ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങിപുറപ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ ക്രിസ്തു അപ്പം മുറിക്കുന്നവനും അതേസമയംതന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായും ഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിതശിഷ്യനും യേശുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിതപ്രവൃത്തിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ, ദിവ്യകാരുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിതപ്രവർത്തനം അല്ലേ? കാരണം, ക്രിസ്തുതന്നെയാണ് മുറിക്കപ്പെടുന്നത്; അത് പ്രേഷിതപ്രവർത്തനത്തിന്റെ സമുന്നത ഭാവമാണ്; എന്തെന്നാൽ സഭയുടെ ജീവിതത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും ഉറവയും ഉച്ചിയുമാണ് ദിവ്യകാരുണ്യം.

ബെനഡിക്ട് പതിനാറാം പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ: "ദിവ്യകാരുണ്യ കൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്ക് സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അത് പങ്കുവയ്ക്കണം എന്ന് അത് അതിന്റെ സ്വഭാവത്തിൽത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിനു ആവശ്യമായിരിക്കുന്നത് ദൈവത്തിന്റെ സ്നേഹമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിന്റെ മാത്രമല്ല, അവളുടെ പ്രേഷിതദൗത്യത്തിന്റെയും ഉറവിടവും അത്യുച്ചസ്ഥാനവുമാണ്: 'യഥാർത്ഥ ദിവ്യകാരുണ്യപരമായ

സഭ ഒരു പ്രേഷിത സഭയാണ്"" (*സ്നേഹത്തിന്റെ കൂദാശ* [Sacramentum Caritatis], 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഐക്യപ്പെട്ടിരിക്കണം (യോഹ 15;4-9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥന വഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേകിച്ച് ദിവ്യകാരുണ്യ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യകൂദാശയിൽ നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശബ്ദരായി ഇരിക്കുകയാണെല്ലോ! ക്രിസ്തുവുമായുള്ള ഐക്യം സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിതശിഷ്യന് ഒരു പ്രവർത്തനനിരതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിൽ ആയിരിക്കാൻ കാംക്ഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്ക്പോയ ആ രണ്ട് ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനിക്കട്ടെ: "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" (ലൂക്ക 24:29 കാണുക).

3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് സന്തോഷപൂർവ്വം സംസാരിക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്ക് ഗമിക്കുന്ന സനാതന യുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്.

അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ "ഉടനെതന്നെ ജറുസലേമിലേക്ക് തിരികെ പോയി" (ലൂക്കാ 24:33 കാണുക). കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരു കാര്യം വ്യക്തമാക്കുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതം മുഴുവനിലും നിറയുന്നു. അവിടന്നുവഴിയായി രക്ഷ പ്രാപിക്കാനായി തങ്ങളെത്തന്നെ അനുവദിക്കുന്നവർ പാപം, ദുഃഖം, ആന്തരിക ശൂന്യത, ഏകാന്തത എന്നിവയിൽനിന്ന് സ്വതന്ത്രരാക്കപ്പെടുന്നു. യേശുക്രിസ്തുവിനോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനിക്കുകയും ചെയ്യുന്നു" (*സുവിശേഷത്തിന്റെ സന്തോഷം*, 1).

അവിടത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്ക് താൻ ഉത്ഥിതനായ യേശുവിനെ

യഥാർത്ഥമായും കണ്ടുമുട്ടി എന്ന് പറയാൻ ആകില്ല. ആകയാൽ, നമ്മുടെ പ്രേഷിതദൗത്യത്തിന് പ്രഥമവും പ്രധാനവുമായ വിഭവം എന്ന് പറയുന്നത് ഉത്ഥിതനായ ക്രിസ്തുവിനെ വിശുദ്ധലിഖിതങ്ങളിലും ദിവ്യകാരുണ്യത്തിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയങ്ങളിൽ അവിടത്തെ അഗ്നിയും മിഴികളിൽ അവിടത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാര പൂരിതവുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്ക് സാക്ഷ്യം നൽകാനാകും.

"പാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന ചിത്രം ജനതകളോടുള്ള പ്രേഷിതദൗത്യത്തിന്റെ (*missio ad gentes*) സനാതന സാധ്യതയെക്കുറിച്ച് വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച ഭൂമിയുടെ അതിർത്തികൾവരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷ വൽക്കരിക്കുക എന്ന് പ്രേഷിതദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യകുടുംബത്തിന് ഇന്ന് മറ്റെന്തിനേക്കാളും ഉപരി സമാധാനത്തിന്റെ സദ്വാർത്തയും ക്രിസ്തുവിലുള്ള രക്ഷയും ആവശ്യമായിരിക്കുന്നു. ഈ അവസരത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, "സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14). നാം വ്യക്തികൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും പ്രേഷിത ദൗത്യത്തിനായി പരിവർത്തനപ്പെടണം എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാന മാതൃക ആയിരിക്കുന്നത് പ്രേഷിതപ്രവർത്തനം തന്നെയാണ്" (*സുവിശേഷത്തിന്റെ സന്തോഷം*, 15).

പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു (2 കോറി 5:14 കാണുക). ഈ സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്: ക്രിസ്തുവിന് നമ്മോടുള്ള സ്നേഹം; അത് നമ്മുടെ സ്നേഹത്തെ

ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹത്തിനായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അത് നിരന്തരം നവമായിക്കൊണ്ടിരിക്കുകയും സഭയെ യുവത്വത്തിൽ നിലനിറത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം സഭ 'അവളുടെ എല്ലാ അംഗങ്ങളെയും' ഭരമേൽപ്പിക്കുന്നു: "ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടന്ന് എല്ലാവർക്കും വേണ്ടി മരിച്ചത്" (2 കോറി 5:15) എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിതദൗത്യത്തിനോട് സഹകരിക്കാനാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, നമ്മുടെ ഭൗതിക കാഴ്ചവസ്തുക്കൾ, നമ്മുടെ സഹനത്തിലുള്ള കാഴ്ചവയ്പ്, നമ്മുടെ വ്യക്തിപരമായ സാക്ഷ്യം എന്നിവവഴി. ഭൗതികവും ആധ്യാത്മികവുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമ സാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോക മിഷൻ ഞായറാഴ്ചയിലെ ധനസമാഹരണം വിശ്വാസ പ്രചാരണത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റിക്ക് (Pontifical Society for the Propagation of the Faith) വേണ്ടിയുള്ളതാണ്.

മിഷനറി പ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാ തലത്തിലുള്ളതുമായ പ്രേഷിതസഹകരണത്തിന് നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ താക്കോൽ സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മക സഞ്ചാരത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന് ഇതുതന്നെയാണ്. ഈ സഞ്ചാരം എന്ന് പറയുന്നത് സഭ തന്നിലേക്ക്തന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭ എന്ത് വിശ്വസിക്കുയും എന്ത് നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല അത്; അത് മാനുഷീകമായ മുൻഗണനകൾ നിർണ്ണയിക്കുന്ന ഒരു കാര്യവും അല്ല. മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങിപ്പുറപ്പെടുന്ന ഭാവമാണ് സഭയ്ക്കുള്ളത്. എന്തെന്നാൽ, വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുതരാനും നമുക്കായി അപ്പം മുറിച്ചുതരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്ക് വരുന്നു; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ

അവിടത്തെ ദൗത്യം നമുക്ക് നിർവഹിക്കാനാകും.

വഴിമധ്യേ എന്താണ് സംഭവിച്ചതെന്ന് എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യർ മറ്റുള്ളവരോട് പറഞ്ഞതുപോലെ (ലൂക്കാ 24:35 കാണുക) നമ്മുടെ പ്രഘോഷണം കർത്താവായ ക്രിസ്തുവിനെക്കുറിച്ച് ആയിരിക്കും; അത് അവിടത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടന്ന് നമ്മുടെ ജീവിതങ്ങളിൽ നടത്തിയ സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചും ആയിരിക്കും. ആകയാൽ, ഉത്ഥിതനായ നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശിതരും അവിടത്തെ ആത്മാവാൽ പ്രചോദിതരുമായി നമുക്ക് വീണ്ടും ഇറങ്ങിപുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങി ചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നു വയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ളവരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും ദിവ്യകാരുണ്യത്തിലുള്ള യേശുവിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ച് സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം.

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ മാതാവും പ്രേഷിതരംഗങ്ങളുടെ രാജ്ഞിയും പാതയിലെ സ്ത്രീയുമായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവദിനത്തിൽ, 2023 ജനുവരി ആറാം തീയതി നൽകിയത്.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Prot. No. 1006/2023

# DECREE

## Particular Law on Betrothal and Publishing of Banns in Mixed Marriages Solemnized with Dispensation from Catholic Form of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from August 21 to 26, 2023, in accordance with CCEO c. 110 §1, approved by voting the law on betrothal and publishing of banns in mixed marriages solemnized with dispensation from Catholic form of marriage, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. Betrothal and publication of banns shall be allowed in mixed marriages solemnized with dispensation from the Catholic form of marriage if requested by at least one of the parties.

ii. Banns shall indicate that the marriage announced is solemnized with dispensation from the Catholic form of marriage granted by the Major Archbishop and that it will be solemnized in the Church of the non-Catholic party.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

Sd/-
**Cardinal George Alencherry**
Major Archbishop of the Syro-Malabar Church

Sd/-
Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor

Prot. No. 1007/2023

# DECREE

## Particular Law on
## Civil Registration of Marriage for Obtaining
## Family Visa before Sacramental Solemnization of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from 21 to 26 August, 2023, in accordance with CCEO c. 110 §1, approved by voting the law on civil registration of marriage of Syro-Malabar faithful before solemnizing sacramental marriage for the purpose of obtaining family visa, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. The Syro-Malabar faithful who, for serious reasons such as obtaining family visa to foreign countries find it necessary to register their marriages under relevant civil law before the sacramental solemnization of the marriage in the church, may approach their own local hierarch, with proper application and testimonial letter from the parish priest concerned, for obtaining permission to that effect.

ii. The party who approaches the local hierarch for permission shall present a written request to that effect which shall carry the undertaking that they will not live together, being aware of the sinfulness of cohabitation before the sacramental marriage and that they will get marriage sacramentally solemnized at the earliest possibility. In addition, the request shall also carry the signatures of both the bride and the bridegroom.

iii. The testimonial letter shall indicate whether the applicant/s belong to the parishes indicated in the application and whether the facts mentioned are true.

iv. Ordinarily the request is to be addressed to the local hierarch of the bridegroom. However, when the local

hierarch of the bridegroom cannot be accessed, then the local hierarch of the bride may be approached.

v. In the permission it shall be specifically mentioned that it is granted under condition that the applicants agree not to cohabit before sacramental marriage and that they will get married sacramentally at the earliest possibility.

vi. After the civil registration of the marriage a copy of the certificate of registration shall be given to both parish priests and the information about the marriage shall be entered in a special section of the marriage registers of both the parishes.

vii. If at least one of the parties requests for betrothal and publication of banns before the solemnization of the sacramental marriage, the request shall be granted by the parish priests. To do so, no permission from the local hierarch is required.

viii. The date of marriage to be entered in the marriage register after the sacramental marriage is the date of the sacramental marriage. In the remark column, however, the date of the civil marriage is to be mentioned.

ix. While issuing marriage certificates the parish priests shall indicate the date of sacramental solemnization.

All contrary dispositions notwithstanding.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

Sd/-
**Cardinal George Alencherry**
Major Archbishop of the Syro-Malabar Church

Sd/-
Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor

# Assisi Sisters of Mary Immaculate (ASMI)

## St. Joseph Province, Ernakulam

| | |
|---|---|
| Provincial Superior | : Sr. Ritty Francis ASMI |
| Vice Provincial | : Sr. Vinaya Francis ASMI |
| Councillors | : Sr. Tresa Vadakkumcherry ASMI |
| | Sr. Camilla Francis ASMI |
| | Sr. Dhanya Francis ASMI |
| | Sr. Vineetha Francis ASMI |



പുതിയ സാരഥികൾക്ക്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!

# ഒക്ടോബർ മാസത്തിലെ കൊന്തനമസ്ക്കാരം

*ഫാ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി*

പന്ത്രണ്ടാം നൂറ്റാണ്ടിൽ സ്വകാര്യ ഭക്താഭ്യാസമായി ആരംഭിച്ചതും പില്ക്കാലത്ത് യൂറോപ്പിലാകമാനം വ്യാപിച്ചതുമായ ഒരു ഭക്തമുറയാണ് ജപമാല. അഞ്ചാം പീയൂസ് പാപ്പ (1566–1572 കാലഘട്ടം) യാണ് പതിനഞ്ചു രഹസ്യങ്ങളടങ്ങിയ നൂറ്റിയമ്പത്തുമൂന്നുമണി ജപമാലയ്ക്കു രൂപം നല്കിയത്. സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും മഹിമയുടെയും പതിനഞ്ച് രഹസ്യങ്ങൾ. 2002-ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ പ്രകാശത്തിന്റ രഹസ്യങ്ങളും കൂട്ടിച്ചേർത്തു. പന്ത്രണ്ടാം നൂറ്റാണ്ടിൽ രൂപംപ്രാപിച്ച ജപമാലയും (കൊന്ത) ജപമാല ഭക്തിയും കേരളസഭയിലും, നസ്രാണികൾക്കിടയിലും പ്രചരിച്ചതിനെക്കുറിച്ചും, ഒക്ടോബർമാസം കൊന്തനമസ്ക്കാരത്തിന്റെ മാസമായി ആചരിക്കുന്നതിനെക്കുറിച്ചുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

മുകളിൽ സൂചിപ്പിച്ചതുപോലെ, പതിനാറാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അഞ്ചാം പീയൂസ് പാപ്പയുടെ കാലത്തു വ്യക്തമായ രൂപഭാവങ്ങളും ക്രമങ്ങളും (format & Mysteries) ഉള്ള പ്രാർത്ഥനയായി കൊന്തനമസ്ക്കാരം രൂപംപ്രാപിച്ച സമയത്തുതന്നെ പോർട്ടുഗീസ് മിഷനറിമാരിലൂടെ ഈ ഭക്തമുറ കേരളത്തിലും അവതരിപ്പിക്കപ്പെട്ടു. പോർട്ടുഗീസ് മിഷനറിമാർതന്നെ ആരംഭത്തിൽ ഇതിന്റെ പ്രചാരകരായി മാറി. നസ്രാണികൾക്കിടയിൽ ഈ ഭക്ത്യാഭ്യാസത്തിനു പതിനാറാം നൂറ്റാണ്ടിൽ വലിയ പ്രചാരമോ സ്വീകാര്യതയോ ലഭിച്ചില്ല. നസ്രാണികളിൽ കൊന്തഭക്തിക്കു തുടക്കംകുറിക്കുന്നതും പ്രചാരംനേടുന്നതും ഉദയംപേരൂർ സൂനഹദോസിനോടു കൂടിയാണ്. എന്നാൽ പതിനേഴാം നൂറ്റാണ്ടുമുതൽ പ്രത്യേകിച്ചും യൂറോപ്യൻ മെത്രാന്മാരും മിഷനറിമാരും നസ്രാണികളുടെ ഭരണം ഏറ്റെടുക്കുകയും പാശ്ചാത്യ ഭക്തമുറകളും ആചാരാനുഷ്ഠാനങ്ങളും ആരാധനാക്രമങ്ങളും നസ്രാണികൾക്കിടയിൽ പ്രചരിപ്പിക്കാൻ അത്യധികം വ്യഗ്രത കാണിക്കുകയും ചെയ്ത കാലഘട്ടത്തിൽ കൊന്തനമസ്ക്കാരവും നസ്രാണികൾക്കിടയിൽ പ്രചാരത്തിലായി.

ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിൽ ഒന്നിൽ കൊന്തനമസ്ക്കാരത്തെകുറിച്ചു പറയുന്നുണ്ട്. അഞ്ചാം മൌത്വാ, അഞ്ചാം യൊഗവിജാരം, അഞ്ചാം കനൊനയിൽ വൈദികർ വിവിധ യാമങ്ങളിൽ നമസ്ക്കാരങ്ങൾ (കാനോന നമസ്ക്കാരം) ചെല്ലണമെന്നു

വിശദീകരിക്കുന്നതിന്റെ അവസാന ഭാഗത്ത് ഇപ്രകാരം എഴുതിയിരിക്കുന്നു : *"പള്ളിക്കൽ ചെന്ന നമസ്കരിപ്പാൻ എത്തിയില്ല എംകിൽ വീട്ടിന്ന തങ്ങടെ നമസ്ക്കാരം എത്തിക്കണം. അതിന്നു പുസ്തകം ഇല്ലാ എംകിൽ കൊന്തനമസ്ക്കാരം എത്തിച്ചു കൊള്ളണം എന്ന പ്രമാണിക്കുന്നു".* കാനോനയിൽ വൈദികർ കൊന്തനമസ്ക്കാരം ചൊല്ലുന്നതിനെക്കുറിച്ചാണു പരാമർശിച്ചിരിക്കുന്നത്. എങ്കിലും കാലക്രമേണ ഇതു ദൈവജനത്തിന്റെ പ്രാർത്ഥനയായി രൂപാന്തരപ്പെട്ടു.

റോസിന്റെ നിയമാവലിയിൽ വിശ്വാസികളുടെ മൃതദേഹങ്ങൾ പള്ളിയിൽ കൊണ്ടുവന്നു സംസ്ക്കരിക്കണം എന്നു വിശദീകരിക്കുന്നിടത്തു കൊന്തചൊല്ലി മൃതദേഹം പള്ളിയിൽ കൊണ്ടുവരണം എന്നു നിർദ്ദേശിച്ചിട്ടുണ്ട്. സെപ്രാ ദർവ്വാ, പത്താം സാഹായിൽ ഇപ്രകാരം പറയുന്നു : *"....വിഗാരി അന്നിദ പുസ്കം കയ്യിൽ പിടിച്ചും കൊണ്ട തൊപ്പിയുമിട്ട നടന്ന ശവം കിടക്കുന്നെടത്ത് ചെന്ന - അവിടെന്ന ചൊല്ലെണ്ടുന്ന ക്രിയകളും ചൊല്ലി ശവം എടുപ്പിച്ച ക്രമത്തും വഴി തന്നെ പള്ളിയിൽ വരെണം. - വഴിയിൽ നിന്ന പട്ടക്കാരർ എറ്റ അന്നീദ ചൊല്ലി ഇരിക്കെണം. മണിയും കിലിക്കുകയും വെണം - മെഴുകുതിരിയും കത്തിക്കെണം - കൂടെ പൊരുന്ന അമ്മെനികൾ കൊന്ത നമസ്ക്കരിക്കെണം - ശവത്തിന്റെ പിറകെ പട്ടക്കാരർ നടക്കയും വെണം -".* റോസ് മെത്രാൻെറ കാലഘട്ടത്തിൽതന്നെ കൊന്തനമസ്ക്കാരം സാധാരണക്കാരായ ജനങ്ങൾക്കിടയിൽ പ്രചാരം നേടിത്തുടങ്ങി. എന്നാൽ നസ്രാണികൾക്കിടയിൽ ജപമാല ഭക്തി കൂടുതലായി പ്രചരിപ്പിച്ചതു കർമ്മലീത്താ മിഷന്നിമാരായിരുന്നു, പ്രത്യേകിച്ചും പതിനെട്ടു, പത്തൊമ്പതു നൂറ്റാണ്ടുകളിൽ. മാതാവിന്റെയും ഇതര വിശുദ്ധരുടെയും ബഹുമാനത്തിനും സ്തുതിക്കുമായി ദർശനസമൂഹങ്ങൾ സ്ഥാപിതമായതും വണക്കമാസം, നാല്പതുമണിആരാധനാ, ദിവ്യകാരുണ്യഭക്തി, ദിവ്യകാരുണ്യപ്രദക്ഷിണം എന്നിവയെല്ലാം പ്രചരിപ്പിച്ചതും കർമ്മലീത്താ മിഷനറിമാരാണ്. അക്കൂട്ടത്തിൽ ജപമാലഭക്തിയും.

വ്യക്തിപരമായ, സ്വകാര്യമായ, ഒരു ഭക്ത്യാഭ്യാസം (ഭക്തമുറ) എന്ന നിലയിലാണു കേരളത്തിലും നസ്രാണികൾക്കിടയിലും ജപമാല ഭക്തി/കൊന്തനമസ്ക്കാരം ഉത്ഭവിച്ചതും പ്രചരിച്ചതും. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കൊന്തനമസ്ക്കാരത്തിനു പുതിയ രൂപഭാവങ്ങൾ സിദ്ധിച്ചു. അതിൽ പ്രധാനമായതു രണ്ടു കാര്യങ്ങളാണ് : 1) വ്യക്തിപ്രാർത്ഥന (സ്വകാര്യ പ്രാർത്ഥന) എന്നതിൽനിന്നു സമൂഹത്തിന്റെ പ്രാർത്ഥനയായി ഇതു രൂപാന്തരപ്പെട്ടു;

അതേസമയം വ്യക്തിപ്രാർത്ഥനയായി തുടരുകയും ചെയ്തു. 2) ഇടവകപള്ളികളിൽ ഇടവകാംഗങ്ങൾ ഒരുമിച്ചുകൂടി ജപമാല/കൊന്ത ചൊല്ലുന്ന ഒരു പുത്തൻ ക്രമവും രൂപപ്പെട്ടു. മാത്രല്ല, ഒക്ടോബർമാസം ജാപമാല മാസമായി ആചരിക്കാനും തുടങ്ങി.

1879-ൽ ലെയൊനാർദ്ദ് മെത്രാപ്പോലീത്ത പ്രസിദ്ധീകരിച്ച *കല്പനകളും നിയമങ്ങളും* എന്ന ഗ്രന്ഥത്തിൽ പട്ടക്കാർക്കുള്ള കല്പനകളും ദെക്രെത്തുകളും എന്ന വിഭാഗത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: *"മാതാവിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും നേരെ പട്ടക്കാരെല്ലാവരും വളരെ ഭക്തിയുള്ളവരായിരിക്കാൻ ശ്രമിക്കുന്നതു കൂടാതെ അവരുടെ സൂക്ഷത്തിനു എല്പിക്കപ്പെട്ട ലൊകരിൽ ഠരം ഭക്തി ഉണ്ടാകുവാൻ ഉത്സാഹിപ്പാൻ അവരാൽ കഴിയുന്നെടത്തൊളം താല്പര്യപ്പെടുകയും വെണം. വിശെഷിച്ച അമ്പത്തുമൂന്നുമണി ജപം ദിവസംപ്രതി വൈകുന്നെരത്ത പള്ളിയിൽ കൂട്ടമായിട്ട എത്തിക്കുന്ന നല്ല ചട്ടം ഉള്ള പള്ളികളിൽ ആയത ഉറപ്പിപ്പാനും ഇല്ലാത്ത പള്ളികളിൽ നടപ്പാക്കുവാനും ശ്രമിക്കയും വെണം".* (p. 32). മേല്പറഞ്ഞ കല്പനയിൽനിന്നു 1870-കളിൽതന്നെ ചുരുക്കംചില പള്ളികളിലെങ്കിലും വൈകുന്നേരങ്ങളിൽ ജനങ്ങൾ കൂട്ടമായിവന്നു അമ്പത്തിമൂന്നുമണി ജപം ചൊല്ലിയിരുന്നുവെന്നു തീർച്ചയാക്കാം. അതു മറ്റു പള്ളിക്കാരും അനുകരിക്കണമെന്നാണു മെത്രാപ്പോലീത്ത നിർദ്ദേശിച്ചത്.

സുറിയാനികത്തോലിക്കർ ഉൾപ്പെടെ കേരളത്തിലെ കത്തോലിക്കർ ഇടവകപള്ളികളിൽ ഒക്ടോബർമാസം ജപമാലമാസമായി ആചരിക്കാൻ തുടങ്ങിയതു 1883 മുതലാണ്; അതിനു നിമിത്തമായതു ലെയൊ 13-ാം പാപ്പായുടെ നിർദ്ദേശവും വരാപ്പുഴ വികാരിഅപ്പസ്തോലിക്കായായിരുന്ന ലെയൊനാർദ്ദ് മെത്രാപ്പോലീത്തായുടെ ഇടയലേഖനവുമാണ്. എല്ലാ ഇടവകപ്പള്ളികളിലും മാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ എല്ലാ കുരിശുപള്ളികളിലും 1883 ഒക്ടോബർമാസം ജപമാല മാസമായി കൊന്തമസ്ക്കാരം ചൊല്ലി ആചരിക്കണമെന്നു കല്പിച്ചു 1883 കന്നിമാസം 5-നു ലെയൊനാർദ്ദ് മെത്രാപ്പോലീത്ത പ്രസിദ്ധീകിച്ച ഇടയലേഖനം ഇപ്രകാരമായിരുന്നു :

*"ഠരംശൊമിശിഹായിൽ സ്നെഹിക്കപ്പെട്ട മക്കളായ നമ്മുടെ സൂക്ഷത്തിന്ന ഏല്പിക്കപ്പെട്ട ബ. വികാരിമാർക്കും, പട്ടക്കാർക്കും, വിശ്വാസികൾക്ക എല്ലാവർക്കും കർത്താവിങ്കൽ സ്വസ്ഥാനവും ആശീർവ്വാദവും. ഠരംശൊമിശിഹായിൽ സ്നെഹിക്കപ്പെട്ട സഹൊദരരെ, മക്കളെ! പരിശുദ്ധ ദൈവമാതാവിന്റെ എത്രയും വല്ലഭമുള്ള മാദ്ധ്യസ്ഥ്യം*

*വഴിയായിട്ട പൂർവ്വം മുതൽ ഇന്നൊളവും എല്ലാ ദിക്കുകളിലും വിശെഷ ദൈവമനൊഗുണങ്ങൾ വിശ്വാസികൾക്ക സിദ്ധിച്ചിരിക്കുന്നത ഏവർക്കും അറിവുള്ളതാണു. എന്നാൽ ഇടത്തൂടുകൾ, ശീശ്മ, ദുർമാർഗ്ഗം മുതലായ നരകവസന്തകൾ പരന്ന തിരുസ്സഭയ്ക്കും, കത്തൊലിക്ക സത്യവെദവിശ്വാസികൾക്കും കഠിനമായ അനർത്ഥങ്ങൾ നെരിട്ടപ്പൊഴൊക്കയും എത്രയും ശുദ്ധമാകപ്പെട്ട റൊസാരി (കൊന്ത) എന്ന നമസ്ക്കാരം വഴിയായി സിദ്ധിച്ച പ്രത്യക്ഷമായ ദൈവസഹായങ്ങൾക്കും മനൊഗുണങ്ങൾക്കും കണക്കില്ല. ഇതു നിമിത്തമായിട്ട ഞെരുക്കങ്ങൾ അധികരിക്കപ്പെട്ടപ്പൊഴൊക്കയും ശുദ്ധ മാർപാപ്പമാര അമ്പത്തുമൂന്നുമണിജപം എത്തിക്കുന്നവർക്ക വിശെഷിച്ച ദണ്ഡവിമൊചനങ്ങളെ കല്പിച്ച ഠരം ദൈവികനമസ്ക്കാരത്തെ എത്തിപ്പാൻ സകലമാന ക്രിസ്ത്യാനികളെ ഉത്സാഹിപ്പിക്കയും ചെയ്തിരിക്കുന്നു.*

*ഇപ്പൊൾ ദൈവവിചാരണയാൽ വാഴുന്ന 13-ാംമത്തെ ലെഒ എന്ന ശുദ്ധ മാർപാപ്പ അങ്ങെ ഉന്നത ബൊധത്തിൽ മെൽചൊല്ലിയ ന്യായങ്ങളെ ചിന്തിച്ച, ഇപ്പൊഴത്തെ ഞെരുക്കങ്ങളിൽ സർവ്വനന്മകളുടെ ദാനക്കാരനാകുന്ന സർവ്വെശ്വരനിൽ നിന്ന സഹായം ഏറ്റം പൂർണ്ണമായിട്ടും, ശീഘ്രമായിട്ടും ലഭിക്കുന്നതിനുവെണ്ടി എത്രയും ഭാഗ്യപ്പെട്ട കന്യാസ്ത്രീ ദെവമാതാവിന്റെ സഹായവും, മദ്ധ്യസ്ഥ അപെക്ഷയും സമസ്ത ക്രിസ്ത്യാനികൾ ഏറ്റം ഭക്തിയൊടെ അപെക്ഷിക്കണമെന്ന തിരുമനസ്സായി അറിയിച്ചിരിക്കുന്നതെന്നിയെ, അടുത്തിരിക്കുന്ന റൊസാരി മാതാവിന്റെ തിരുനാളിനായിട്ട ചിലതൊക്കയും കല്പിക്കയും ചിലതൊക്കയും മനഗുണമായിട്ട അനുവദിച്ചു നല്കുകയും ചെയ്തിരിക്കുന്നു. അവയാകുന്നതെന്തെന്നാൽ : 1) ഠരംയാണ്ടിൽ റൊസാരി മാതാവിന്റെ തിരുനാൾ വിശെഷ ഭക്തിയൊടും ആഘൊഷത്തൊടുംകൂടെ കഴിക്കണമെന്നും 2) തുലാം മാസം ഒന്നാം തീയതിമുതൽ വൃശ്ചികമാസം രണ്ടാം തീയതിവരെ ഇടവകപ്പള്ളികളിലൊക്കെയിലും, ദെവമാതാവിന്റെ നാമധെയത്തിങ്കൽ പണിചെയ്യപ്പെട്ട കുരിശുപള്ളികളിലും അമ്പത്തുമൂന്നുമണിജപവും പരിശുദ്ധ ദെവമാതാവിന്റെ പ്രാർത്ഥനയും എത്തിക്കണമെന്നും കല്പിച്ചിരിക്കുന്നു. വിശെഷിച്ച ചൈവാൻ പാടുള്ള പള്ളികളിൽ മെൽചൊല്ലിയതുകൂടാതെ പാട്ടുപൂജ കഴിക്കയെങ്കിലും, ശുദ്ധ കുറുബാനയുടെ വാഴ്വു കൊടുക്കുകയെങ്കിലും ചെയ്യെണമെന്നും വളരെ ആഗ്രഹിക്കുന്നു. എന്നാൽ സകലമാന ക്രിസ്ത്യാനികൾ ഏറ്റം ജാഗ്രതയൊടും അവരുടെ ആത്മൊപകാരത്തൊടും കൂടെ കല്പിച്ച കർമ്മങ്ങൾക്ക കൂടുന്നതിന്ന ഉത്സാഹി*

*കളാകുവാൻവെണ്ടി തിരുസ്സഭയുടെ നിക്ഷെപം തുറന്ന താഴെ കുറിക്കപ്പെട്ടിരിക്കുന്ന പാപപ്രാശ്യത്വ വിമൊചനങ്ങളെ കല്പിച്ചരുളുകയും ചെയ്തിരിക്കുന്നു.*

*ഒന്നാമത, റൊസാരി മാതാവിന്റെ തിരുനാൾ ദിവസത്തിൽ, എന്നാൽ കുമ്പസാരിപ്പിപ്പാൻ പട്ടക്കാര ചുരുക്കമാകുന്ന പള്ളികളിൽ ആ തിരുനാൾ തുടങ്ങി എട്ടു ദിവസത്തിനകം, നല്ല കുമ്പസാരം കഴിച്ച, ശുദ്ധ കുർബാന കൈക്കൊണ്ടശെഷം പള്ളിയിൽ ചെന്ന കുമ്പിട്ട തിരുസ്സഭയുടെ തിട്ടതികൾക്കുവെണ്ടി പരിശുദ്ധ പിതാവിന്റെ നിയൊഗമ്പൊലെ സർവ്വെശ്വരനൊട പ്രാർത്ഥിക്കുന്നവർക്ക മുഴുവൻ പാപ പ്രായശ്ചിത്ത വിമൊചനവും.*

*രണ്ടാമത, പള്ളിയിൽ എത്തിക്കുമെന്ന മെൽകൽപ്പിക്കപ്പെട്ട അമ്പത്തുമൂന്നുമണിജപത്തിന്ന കൂടുന്നവർക്ക ഓരൊ തവണ ഏഴു വർഷത്തെയും ഏഴു മണ്ഡലത്തെയും ദൊഷ പ്രായശ്ചിത്ത പൊറുതിയും കല്പിച്ചിരിക്കുന്നു. എന്നാൽ തക്ക വിഘ്നം ഉണ്ടായിട്ട പള്ളിയിൽ പൊയി കൂടുവാൻ പാടില്ലാത്തവര മെൽചൊല്ലിയ അമ്പത്തുമൂന്നുമണി ജപവും പരിശുദ്ധ കന്യാസ്ത്രീ മാതാവിന്റെ പ്രാർത്ഥനയും ഭക്തിയൊടുകൂടെ മാർപാപ്പയുടെ നിയൊഗമ്പൊലെ ഓരൊരുത്തർ ഇരിക്കുന്നിടത്ത എത്തിച്ചാൽ ൦രം ദൊഷ പ്രായശ്ചിത്ത പൊറുതി തന്നെ ലഭിക്കുകയും ചെയ്യും.*

*മൂന്നാമത, വിശെഷിച്ചും തുലാം മാസം ഒന്നിനു മുതൽ വൃശ്ചികമാസം രണ്ടിനുവരെയുള്ള അവധിക്കകത്ത പള്ളിയിൽ കൂട്ടമായിട്ട എത്തിപ്പാൻ കല്പിച്ചിരിക്കുന്ന അമ്പത്തുമൂന്നുമണി ജപത്തിന്നു പത്തു പ്രാവശ്യം കൂടുകയെങ്കിലും വിഘ്നമുള്ളവരായിരുന്നാൽ അവരുടെ വീട്ടിൽ, അല്ലെങ്കിൽ ഇരിക്കുന്നിടത്തു പത്തുപ്രാവശ്യം എത്തിക്കയെങ്കിലും ചെയ്തുകൊണ്ടു അവധിക്കകത്ത അവരവർക്ക ബൊധിച്ച ദിവസത്തിൽ നല്ല കുമ്പസാം കഴിച്ച ശുദ്ധ കുർബാന കൈക്കൊണ്ട പള്ളിയിൽ ചെന്ന കുമ്പിട്ട മാർപാപ്പയുടെ നിയൊഗമ്പൊലെ നമസ്ക്കരിക്കുന്നവർക്കു വിശെഷാൽ വെറിട്ടൊരു മുഴുവൻ പാപപ്രായശ്ചിത്ത പൊറുതി കല്പിക്കുകയും ചെയ്തിരിക്കുന്നു.*

*൦രംശൊമിശിഹായിൽ സ്നെഹിക്കപ്പെട്ട മക്കളെ, ഇതാ പരിശുദ്ധ പിതാവിന്റെ മനൊഗുണവും ഇതാ നമ്മുടെ ഗുണത്തിന്മെൽ അങ്ങെക്കുണ്ടായിരിക്കുന്ന അത്യന്ത തല്പര്യവും. ആകയാൽ നമ്മുടെ വന്ദിക്കപ്പെട്ട സഹൊദരന്മാരായ ബ. വികാരിമാരും, പട്ടക്കാരരും, വിശ്വാസികളും പരിശുദ്ധ പിതാവിന്റെ നിയൊഗത്തൊടും തിരുമനസ്സൊടും*

*കൂടെ ചെർന്നുകൊണ്ട കല്പിച്ച മഹാ നിക്ഷെപങ്ങളെ ലഭിപ്പാനും ശുദ്ധമുള്ള ഹൃദയത്തൊടുകൂടെ പരുശുദ്ധ രാജസ്ത്രിയായ ദെവമാതാവിന്റെ മാദ്ധ്യസ്ഥ്യം അപെക്ഷിച്ച തിരുസ്സഭയ്ക്കും നമുക്കും എല്ലാവർക്കും ആവശ്യമായിരിക്കുന്ന വിശെഷ ദൈവസഹായം സാധിപ്പാനും എല്ലാവരും വളരെ ശുഷ്കാന്തിയുള്ളവരാകുമെന്ന നാം ശരണപ്പെട്ടുകൊണ്ട നമ്മുടെ ഇടയനടുത്ത ആശീർവ്വാദം എല്ലാവർക്കും തരികയും ചെയ്യുന്നു. ബാവായുടെയും പുത്രന്റെയും റൂഹാദക്കുദശായുടെയും നാമത്താൽ ആമ്മെൻ. നമ്മുടെ ഠരം പരസ്യകല്പന കൈപ്പറ്റിയാൽ തുലാമാസം ഒന്നാം ഞായറാഴ്ച വരെയുള്ള ഞായറാഴ്ചകളൊക്കയിൽ മുറപ്രകാരം പ്രസിദ്ധപ്പെടുത്തി എല്ലാവരും അറിവാൻ തക്കവണ്ണം ഇടവരുത്തുകയും വെണം. എന്ന മഞ്ഞുമ്മൽ നമ്മുടെ അരമനയിൽനിന്നും 1883-ാം കാലം കന്നിമാസം 5-ന് ലെയൊനാർദ്ദ് മെത്രാപ്പൊലീത്ത".* എന്നാൽ ഈ പരസ്യകല്പനയിൽ വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചു ജപമാല ചൊല്ലണമെന്നു നിർദ്ദേശിച്ചിട്ടില്ലായിരുന്നു.

ലെയൊ പതിമൂന്നാമൻ പാപ്പായുടെ നിർദ്ദേശപ്രകാരം, ലെയൊനാർദ്ദ് മെത്രാപ്പോലീത്ത ഇടയലേഖനത്തിലൂടെ ആവശ്യപ്പെട്ടതുപോലെ, 1883 ഒക്ടോബർമാസം മുതൽ കേരളത്തിലെ കത്തോലിക്കാപള്ളികളിൽ, (സുറിയാനി കത്തോലിക്കാ പള്ളികൾ ഉൾപ്പെടെ) ഒക്ടോബർമാസം ജപമാലമാസമായി, കൊന്തനമസ്ക്കാരം ചൊല്ലിക്കൊണ്ട് ആചരിക്കാൻ തുടങ്ങി.

1884 കന്നിമാസം 30-നു ലെയൊനാർദ്ദ് മാത്രാപ്പോലീത്ത നല്കിയ ഇടയലേഖനത്തിൽ കൊന്തനമസ്ക്കാരം വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചു ചൊല്ലണമെന്നു കല്പിച്ചിരുന്നു. അതിപ്രകാരമാണ് : *"ആകയാൽ റൊസ്സാരി മാതാവിന്റെ തിരുനാളാഘോഷം കത്തൊലിക്കാ ലൊകത്തിൽ കൊണ്ടാടപ്പെടുന്ന മാസമാകുന്ന തുലാമാസം സമീപിച്ചിരിക്കയാൽ കഴിഞ്ഞയാണ്ടിൽ നാം കല്പിച്ചവയെല്ലാം ഇയ്യാണ്ടിലും വീണ്ടും കല്പിപ്പാൻ നാം നിശ്ചയിച്ചിരിക്കുന്നു. അപ്പൊഴൊ തുലാമാസം 1-നു മുതൽ പിൻവരുന്ന വൃശ്ചികമാസം 2-നു വരെ എല്ലാ ഇടവകപ്പള്ളികളിലും കുരിശുപള്ളികളിലും ദിവസന്തോറും അമ്പത്തുമൂന്നുമണി ജപവും ലുത്തിനിയായും എത്തിക്കണമെന്ന നാം നിശ്ചയിക്കുകയും പ്രമാണിക്കുകയും ചെയ്യുന്നു. എന്നാൽ ഠരം ജപങ്ങൾ കാലത്ത എത്തിക്കുന്നതായിരുന്നാൽ ഇടയിൽ ദിവ്യപൂജ ഉണ്ടാകണമെന്നും; വൈകുന്നേരത്ത എത്തിക്കുന്നു എങ്കിൽ ശുദ്ധ : കുർബാന ആരാധനെക്ക പരസ്യമായി സ്ഥാപിക്കണമെന്നും, കടശി മുറപ്രകാരം വാഴ്വു കൊടുക്കണമെന്നും കല്പിക്കുന്നു.*

*എന്നാൽ സത്യവിശ്വാസികളുടെ ഭക്തിക്ക തിരുസഭയുടെ പരമ നിക്ഷേപങ്ങളെ തുറക്കുന്നതിനുവെണ്ടി കഴിഞ്ഞയാണ്ടിൽ നാം കല്പിച്ച പാപവിമൊചനങ്ങളെയും പ്രായശ്ചിത്ത പരിഹാരങ്ങളെയും ഇയ്യാണ്ടിലും കല്പിക്കുന്നു. എന്തെന്നാൽ നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ കല്പിക്കപ്പെട്ട നമസ്ക്കാരങ്ങളെ കൂട്ടമായി എത്തിക്കുന്നതിനു കൂടുകയും നമ്മുടെ നിയൊഗംപൊലെ പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്കും തക്ക ന്യായത്താൽ ദെവാലയത്തിൽ കൂടുവാൻ വിഘ്നപ്പെട്ടുവെങ്കിൽ തനിയെ കല്പിക്കപ്പെട്ട നമസ്ക്കാരങ്ങളെ എത്തിക്കുന്നവർക്കും ഓരോ പ്രാവശ്യം ഏഴു സംവത്സരത്തെയും ഏഴു മണ്ഡലത്തെയും പാപ പ്രാശ്ചിത്ത പൊറുതി നാം കല്പിച്ച നല്കുന്നതു കൂടാതെ മെൽചൊല്ലിയ മാസത്തിൽ പത്തുപ്രാവശ്യമെങ്കിലും ദെവാലയത്തിൽ ആ നമസ്ക്കാരങ്ങളെ കൂട്ടമായി എത്തിക്കയും തക്ക ന്യായത്താൽ വിഘ്നപ്പെടുന്നവര തനിയെ പത്തുപ്രാവശ്യം എത്തിക്കയും, നല്ല കുമ്പസാരം കഴിച്ച ശുദ്ധ : കുർബാന കൈക്കൊള്ളുകയും ചെയ്യുന്നവർക്ക പരിപൂർണ്ണ പാപപ്രായശ്ചിത്ത പൊറുതിയും നാം കല്പിക്കുന്നു. ൦രം പരിപൂർണ്ണ പാപപ്രാശ്ചിത്ത പൊറുതി റൊസ്സാരി മാതാവിന്റെ തിരുനാളിലൊ ഇതിനു പിന്തുടരുന്ന എട്ടു ദിവസത്തിനകത്തൊ നല്ല കുമ്പസാരം കഴിച്ച ശുദ്ധ കുർബാന കൈകൊണ്ട ദൈവത്തിനും പരിശുദ്ധ ദൈവജനനിക്കും പ്രതിഷ്ഠിക്കപ്പെട്ട ദെവാലയത്തിൽ നമ്മുടെ നിയൊഗംപൊലെ പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്കു കൂടെയും കല്പിച്ച നല്കുകയും ചെയ്യുന്നു" എന്ന് ൦രം വണ്ണം പരിശുദ്ധ പിതാവ് അരുളിച്ചെയ്യുന്നു.......ആകയാൽ നമ്മുടെ സഹൊദരന്മാരായ ബ. വികാരിമാരും പട്ടക്കാരും വിശ്വാസികളും പരിശുദ്ധ പിതാവിന്റെ കല്പനകളെ പൂർണ്ണമായി നിറവെറ്റുവാനും തങ്ങളുടെ ആത്മാവിന്ന ജ്ഞാന നിക്ഷെപങ്ങളായിരിക്കുന്ന പാപ പ്രായശ്ചിത്ത വിമൊചനങ്ങളെ നെടുവാനും വളരെ ഉത്സാഹികളാകുമെന്നു നാം ശരണപ്പെട്ടിരിക്കുന്നു".*

ലെയൊ പതിമൂന്നാമൻ പാപ്പ പറഞ്ഞിരിക്കുന്നതും ലെയൊനാർദ്ദ് മെത്രാപ്പോലീത്ത ഇടയലേഖനത്തിൽ എഴുതിയിരിക്കുന്നതുമനുസരിച്ച് ഒക്ടോബർ മാസത്തെ കൊന്തനമസ്ക്കാരത്തിൽ പത്തുദിവസമെങ്കിലും പങ്കെടുത്തു കുമ്പസാരിച്ചു വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്കു പ്രത്യേക ദണ്ഡവിമോചനം പ്രാപിക്കാം. ഒക്ടോബർമാസം മുഴുവനും കൊന്തനമസ്ക്കാരം ആചരിക്കണം, പത്തു ദിവസമെങ്കിലും സംബന്ധിക്കണം എന്നതായിരുന്നു ഇടയലേഖനത്തിൽ പറഞ്ഞിരുന്നത്.

ഒക്ടോബർ മാസത്തിൽ പള്ളികളിൽ കൂട്ടമായി കൊന്തനമസ്ക്കാരം ചൊല്ലണമെന്നു ആവശ്യപ്പെട്ടു കോട്ടയം വികാരി അപ്പസ്തോലിക്കയായിരുന്ന ചാൾസ് ലവീഞ്ഞ് മെത്രാൻ 1888 ധനുമാസം 8 നു കല്പന അയച്ചിരുന്നു. പ്രസ്തുത കല്പനയിൽ, വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവെയ്ക്കുന്നതിനു സിംഹാസനമുള്ള പള്ളികളിൽ കുർബാനയ്ക്കുമുമ്പു വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവയ്ക്കുകയും ഇല്ലാത്ത പള്ളികളിൽ കുർബാന കഴിഞ്ഞിട്ടു എഴുന്നള്ളിച്ചുവെയ്ക്കുകയും അതിന്റെശേഷം കൊന്തനമസ്ക്കാരവും മറ്റു സ്ലോസാകളും ചൊല്ലുകയും അവസാനം ശുദ്ധ കുർബാനകൊണ്ടു വാഴ്വ് കൊടുക്കുകയും ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ശുദ്ധ കുർബാന എഴുന്നെള്ളിച്ചുവച്ചിട്ടില്ലാത്ത പള്ളികളിലും കുരിശുപള്ളികളിലും കൊന്തനമസ്ക്കാരത്തിനായി ജനങ്ങളെ അറിയിച്ചു കൂട്ടുകയും ആ നമസ്ക്കാരം ചൊല്ലിയതിന്റെശേഷം മേൽവിവരിച്ചപ്രകാരം മറ്റു സ്ലോസാകളും ചൊല്ലി നമ്മുടെ കർത്താവീശോ മിശിഹായുടെ പാടുപെട്ട സ്വരൂപംകൊണ്ടു (കുരിശുരൂപം) ജനങ്ങൾക്ക് ആശീർവാദം കൊടുത്തവസാനിപ്പിക്കണം എന്നും കല്പിച്ചിരുന്നു.

ആരംഭകാലത്ത് എല്ലാ ഇടവകപ്പള്ളികളിലും 30 ദിവസവും (31 ദിവസം) ഒക്ടോബർമാസത്തിൽ കൊന്തനമസ്ക്കാരം നടത്തിയിരുന്നു. കാലക്രമേണ ഭൂരിപക്ഷം ഇടവകപ്പള്ളികളിലും പത്തുദിവസത്തെ ആഘോഷപൂർണ്ണമായ കൊന്തനമസ്ക്കാരമായി മാറിയെന്നു മാത്രം. ഇരുപത്തിയൊന്നാം നൂറ്റാണ്ടായപ്പോൾ ചില സുറിയാനി കത്തോലിക്കാരൂപതകളിൽ 'കൊന്തനമസ്ക്കാരം' ലത്തീൻ സഭയിൽനിന്നു നസ്രാണികൾക്കിടയിലേക്കു 'കുടിയേറിയ' ഭക്താഭ്യാസമാകയാൽ ഇതിന്റെ ആചരണത്തിനു ചില മാറ്റങ്ങൾ വരുത്തുകയും ചില സ്ഥലങ്ങളിൽ നിറുത്തിക്കളയുകയും ചെയ്തു. മറ്റുചില സ്ഥലങ്ങളിൽ വിശുദ്ധ കുർബാന എഴുന്നള്ളിച്ചു വയ്ക്കാതെ ജപമാല മാത്രം ചൊല്ലുന്നു. എങ്കിലും 1883-ൽ തുടക്കം കുറിച്ച ഈ ഭക്തമുറ ബഹുഭൂരിപക്ഷം ഇടവകപ്പള്ളികളിലും ഇന്നും സാഘോഷം കൊണ്ടാടിവരുന്നു.

*മാർ ലൂയീസ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങൾ' എന്ന ഗ്രന്ഥത്തിൽനിന്ന് (പേജ് 582-587)*



# നിര്യാതരായി



**സി. മഡോണ കോച്ചേരി FCC**
ആശാനികേതൻ കോൺവെന്റ്, തിരുമുടിക്കുന്ന്
ജനനം : 23-08-1942
വ്രതവാഗ്ദാനം : 07-05-1962
മരണം : 24-09-2023



**സി. റോസ് ചിറമേൽ SABS**
അഡോറേഷൻ കോൺവെന്റ്, മംഗലപുഴ, ആലുവ
ജനനം : 15-11-1949
വ്രതവാഗ്ദാനം : 01-05-1970
മരണം : 25-09-2023



**സി. ജോസ് മരിയ കൊറ്റിച്ചേരിൽ SABS**
അഡോറേഷൻ കോൺവെന്റ്, പൊതി
ജനനം : 04-02-1935
വ്രതവാഗ്ദാനം : 25-04-1958
മരണം : 17-09-2023



**സി. ആർക്കേഞ്ചൽ തെക്കേക്കര SABS**
അഡോറേഷൻ കോൺവെന്റ്, എളവൂർ
ജനനം : 21-09-1939
വ്രതവാഗ്ദാനം : 20-04-1960
മരണം : 12-09-2023



**സി. ഓക്സിലിയ CMC**
വിമല ഭവൻ, തൃക്കാക്കര
ജനനം : 26-04-1939
വ്രതവാഗ്ദാനം : 02-05-1959
മരണം : 15-09-2023

# വാർത്തകളും വിശേഷങ്ങളും

## മംഗോളിയയിൽ ഫ്രാൻസിസ് മാർപാപ്പ

ലോകത്തിലെ ഏറ്റവും ചെറിയ കത്തോലിക്കാസമൂഹങ്ങളിൽ ഒന്നായ മംഗോളിയ സന്ദർശിക്കുന്ന ആദ്യത്തെ മാർപാപ്പയാണു ഫ്രാൻസിസ് പാപ്പ. 'ഹോപ്പിംഗ് ടുഗദർ' എന്ന പേരിലുള്ള ഈ ചരിത്ര തീർത്ഥാടനം 2023 ഓഗസ്റ്റ് 31-ന് ആരംഭിച്ച് സെപ്തംബർ 4-ന് സമാപിച്ചു. സന്ദർശന വേളയിൽ ഫ്രാൻസിസ് മാർപാപ്പ രാജ്യത്തിന്റെ നേതാക്കളുമായും ഉദ്യോഗസ്ഥരുമായും കത്തോലിക്കാസമൂഹവുമായും കൂടിക്കാഴ്ച നടത്തി. മംഗോളിയയിൽ 'എല്ലാവർക്കും ഒരു സഹോദരനാകാൻ' താൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെന്ന് മാർപാപ്പ പറഞ്ഞു.

## മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ മാർപാപ്പയെ സന്ദർശിച്ചു

കേരളത്തിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ തലവനായ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ വത്തിക്കാനിലെത്തി ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി. 2023 സെപ്റ്റംബർ 11-ാം തീയതിയാണ് കൂടിക്കാഴ്ച നടന്നത്. ഇരുസഭകളും തമ്മിലുള്ള സഭൈക്യസംഭാഷണങ്ങളും സംയുക്ത പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടുപോകുന്നതിന്റെ ഭാഗമായിരുന്നു ഈ സന്ദർശനം. കാതോലിക്കാ ബാവയുടെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘത്തിൽ സൂനഹദോസ് സെക്രട്ടറി യൂഹാനോൻ മാർ ക്രിസോസ്തമോസ്, യൂഹന്നോൻ മാർ ദിമിത്രിയോസ്, എബ്രാഹം മാർ സ്തെഫാനോസ് എന്നിവരും വൈദിക, അല്മായ പ്രതിനിധികളും ഉണ്ടായിരുന്നു.

## മൊറോക്കോയിലെ ഭൂകമ്പവും ലിബിയയിലെ പ്രളയവും

ഭൂകമ്പത്തിൽ തകർന്നുപോയ മൊറോക്കോയുടെ പുനർനിർമ്മാണത്തിനു നിരവധി വർഷങ്ങൾ വേണ്ടിവരുമെന്നു മൊറോക്കോയിലെ കാരിത്താസിന്റെ അധ്യക്ഷൻ കാർഡിനൽ ക്രിസ്റ്റബൽ ലോപസ് റൊമേരോ അറിയിച്ചു. രാഷ്ട്രത്തിന്റെ അവസ്ഥ അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണെന്നും കാർഡിനൽ പറഞ്ഞു. സെപ്തംബർ 13 നുണ്ടായ ഭൂകമ്പത്തിൽ 2,900 പേരാണ് കൊല്ലപ്പെട്ടത്. 1960-നു ശേഷം രാജ്യത്തുണ്ടായ ഏറ്റവും ശക്തമായ ഭൂകമ്പമായിരുന്നു ഇത്. വൈദ്യുതി, വസ്ത്രങ്ങൾ, മരുന്ന്, ആഹാരം എന്നിവയെല്ലാം ദുരിതബാധിതർക്ക് ആവശ്യമായിരിക്കുന്നുവെന്ന് കാർഡിനൽ പറഞ്ഞു. ലിബിയയിലുണ്ടായിരിക്കുന്ന പ്രളയത്തിലേക്കും കാർഡിനൽ ശ്രദ്ധ ക്ഷണിച്ചു. പതിനായിരം പേരാണ് അവിടെ കൊല്ലപ്പെട്ടത്. നിരവധി ഡാമുകൾ തകർന്നു. ലിബിയയിലേക്കും സഹായമെത്തിക്കണമെന്ന് കാർഡിനൽ അഭ്യർത്ഥിച്ചു. ലിബിയയ്ക്കുവേണ്ടിയും കാരിത്താസ് സഹായപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## ചേർത്തല നൈപുണ്യ കോളേജിന് NAAC 'എ' ഗ്രേഡ്

ചേർത്തല നൈപുണ്യ കോളേജിന് നാഷണൽ അസെസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) മൂല്യനിർണയത്തിൽ 'എ' ഗ്രേഡ് ലഭിച്ചു. 3.08 ഗ്രേഡ് പോയിന്റോടെയാണ് അംഗീകാരം. കഴിഞ്ഞ അഞ്ചു വർഷത്തെ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡ് ലഭിച്ചത്. പാഠ്യ - പാഠ്യേതര രംഗത്തെ മികച്ച വിജയത്തോടൊപ്പം, തീരദേശ വിദ്യാർത്ഥികളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള 'സമുദ്ര പദ്ധതി', നിർധന കുടുംബത്തിൽ നിന്നു വരുന്ന ഭവനരഹിതരായ വിദ്യാർത്ഥികൾക്കും കോളേജ് ജീവനക്കാർക്കും വേണ്ടി നിർമ്മിച്ചു നൽകുന്ന 'കാരുണ്യ ഭവന പദ്ധതി', 'റീബിൽഡ് കേരള', വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടു നടത്തുന്ന 'തണൽ', 'നന്മ', 'ഹാന്റ് ഇൻ ഹാന്റ്' തുടങ്ങിയ പദ്ധതികൾ, ഹരിത സൗഹാർദ്ദ ക്യാമ്പസ് എന്നിവ അനുകൂല സാഹചര്യമൊരുക്കി.

---

# വിശ്വാസപരിശീലനകേന്ദ്രം

### വിശ്വാസപരിശീലനം: ഒന്നാം സെമസ്റ്റർ പരീക്ഷ:

1. **2023 ഒക്ടോബർ 08 ഞായർ:** വിശ്വാസപരിശീലനത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 08 ഞായറാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ.
2. പരീക്ഷ സംബന്ധമായ കൂടുതൽ വിവരങ്ങൾ സെപ്റ്റംബർ മാസത്തെ *എറണാകുളം മിസ്സ*ത്തിലും പരീക്ഷ നിർദ്ദേശങ്ങളിലെ സർക്കുലറിലും (Prot. No. 02092023/34), വചനദീപം പേജ് 40, 67 ലും നോക്കുമല്ലൊ).

3. **Catechism Teachers' Orientation Programme (CTOP):-** STD V - October 02 Monday,

   രാവിലെ 9.00 മുതൽ വൈകിട്ട് 4.00 വരെ കലൂർ റിന്യൂവൽ സെന്ററിൽ.

4. **2022-2023 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്** തീയതികൾ: **ഒന്നാം വർഷ ഡിപ്ലോമ 1st Session:** 2023 സെപ്റ്റംബർ 30, ഒക്ടോബർ 01, 02 തീയതികളിൽ. 30-ാം തീയതി രാവിലെ 9.15 ന് ഇവിടെ എത്തിച്ചേരണം. ഒക്ടോബർ 2-ാം തീയതി വൈകുന്നേരം 4.00 മണിക്കുശേഷം തിരിച്ചുപോകാം.

   **പരീക്ഷ:** കോഴ്സ് ആരംഭിക്കുന്ന ദിവസം അറിയിക്കുന്നതാണ്.

   **രണ്ടാം വർഷ ഡിപ്ലോമ 1st Session:** 2023 ഒക്ടോബർ 22, 23, 24 തീയതികളിൽ. 22-ാം തീയതി രാവിലെ 9.15 ന് ഇവിടെ എത്തിച്ചേരണം. ഒക്ടോബർ 24-ാം തീയതി വൈകുന്നേരം 4.00 മണിക്കുശേഷം തിരിച്ചുപോകാം.

   **പരീക്ഷ:** കോഴ്സ് ആരംഭിക്കുന്ന ദിവസം അറിയിക്കുന്നതാണ്.

5. **Catechism Teachers' Basic Orientation Course (Non- Residential):** വിശ്വാസപരിശീലനരംഗത്ത് പുതിയതായി ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ വിശ്വാസപരിശീലകർക്കുവേണ്ടി ഒക്ടോബർ മാസം 22, 23, 24 (ഞായർ, തിങ്കൾ, ചൊവ്വ) തീയതികളിലായി കലൂർ റിന്യുവൽ സെന്ററിൽ **BOC** സംഘടിപ്പിക്കുന്നു.

6. **2023 ഒക്ടോബർ 21 ശനി**: **കാറ്റിക്കിസം ടീച്ചേഴ്സിന്റെ ഫൊറോനതല മീറ്റ്**: അങ്കമാലി ഫൊറോന.

7. **കാറ്റിക്കിസം ടീച്ചേഴ്സ് ഡേ:** നവംബർ 04 ശനി, വിശുദ്ധ ചാൾസ് ബൊറോമിയൊയുടെ തിരുനാൾ. (വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥൻ) വിശ്വാസപരിശീലകരുടെ ദിനാഘോഷം നവംബർ 05 ഞായർ.

8. **Mission Quest**: 2023 ഒക്ടോബർ 28 ശനി 8.00 P. M. – **വിഷയം: കൂദാശകളെക്കുറിച്ചുള്ള പൊതുവിജ്ഞാനം**

9. **ഒക്ടോബർ മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ**

01 ഞായർ: എലൈവ് - തൃപ്പൂണിത്തുറ ഫൊറോന
14 ശനി: എൻലൈറ്റ് - ഇടപ്പള്ളി ഫൊറോന
15 ഞായർ: എലൈവ് - കാഞ്ഞൂർ ഫൊറോന
15 ഞായർ: എൻലൈറ്റ് - വല്ലം ഫൊറോന
29 ഞായർ: എലൈവ് - കറുകുറ്റി ഫൊറോന
29 ഞായർ: എൻലൈറ്റ് - മൂഴിക്കുളം ഫൊറോന

10. **2023 സെപ്റ്റംബർ മാസത്തിൽ നടന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:**

സെപ്റ്റംബർ 03 ഞായർ: എലൈവ് - മുരിങ്ങൂർ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൊരട്ടി ഫൊറോന

സെപ്റ്റംബർ 03 ഞായർ: എൻലൈറ്റ് - കറുകുറ്റി ക്രിസ്തുരാജ മൊണാസ്ട്രി ചർച്ച്, കറുകുറ്റി ഫൊറോന

സെപ്റ്റംബർ 09 ശനി: എൻലൈറ്റ് - പഴങ്ങനാട്, സെന്റ് അഗസ്റ്റിൻസ് ചർച്ച്, കിഴക്കമ്പലം ഫൊറോന

സെപ്റ്റംബർ 10 ഞായർ: എലൈവ് - നടുവട്ടം, സെന്റ് ആന്റണീസ് ചർച്ച്, മഞ്ഞപ്ര ഫൊറോന

സെപ്റ്റംബർ 10 ഞായർ: എൻലൈറ്റ് - മലയാറ്റൂർ, സെന്റ് തോമസ് ചർച്ച്, കാഞ്ഞൂർ ഫൊറോന

സെപ്റ്റംബർ 17 ഞായർ: എലൈവ് - കോടനാട്, സെന്റ് ആന്റണീസ് ചർച്ച്, വല്ലം ഫൊറോന

സെപ്റ്റംബർ 17 ഞായർ: എൻലൈറ്റ് - നെടുവെന്നൂർ, സെന്റ് മേരീസ് ചർച്ച്, അങ്കമാലി ഫൊറോന

സെപ്റ്റംബർ 28 വ്യാഴം: എൻലൈറ്റ് - വടയാർ, ഇൻഫെന്റ് ജീസ്സസ് ചർച്ച്, വൈക്കം ഫൊറോന

എലൈവ് & എൻലൈറ്റ് എന്നിവ നടത്തുവാൻ എല്ലാവിധ സൗകര്യ ങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീല കർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും, ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| സെപ്റ്റം. 05 | സഹൃദയ വെസ്കോ ക്രെഡിറ്റ്, എറണാകുളം |
| സെപ്റ്റം. 11 | സോഷ്യൽ വെൽഫെയർ സെന്റർ, കളമശ്ശേരി |
| സെപ്റ്റം. 22 | നൈമെയ്ഡ്സ് വെൽഫെയർ ഫൌണ്ടേഷൻ, പൊങ്ങം |
| സെപ്റ്റം. 25 | ഭാരത മാതാ കോളേജ് എഡ്യുക്കേഷണൽ ട്രസ്റ്റ് |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഓഗസ്റ്റ് 31 | 1) നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി<br>2) ഭാരത മാതാ കോളേജ്, തൃക്കാക്കര |
| സെപ്റ്റം. 02 | വെൽഫെയർ സെന്റർ, വൈക്കം |
| സെപ്റ്റം.06 | 1) ജിയോ സെന്റർ, ചക്കരപ്പറമ്പ്<br>2) വെൽഫെയർ സെന്റർ, വൈക്കം |
| സെപ്റ്റം. 07 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| സെപ്റ്റം. 09 | 1) ഭാരത മാതാ കോളേജ്, തൃക്കാക്കര<br>2) നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| സെപ്റ്റം. 12 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| സെപ്റ്റം. 13 | ലിസി ഹോസ്പിറ്റൽ, എറണാകുളം |
| സെപ്റ്റം. 14 | 1) നൈപുണ്യ കോളേജ്, പൊങ്ങം<br>2) ലിറ്റിൽ ഫ്ലവർ ഹോസ്പിറ്റൽ, അങ്കമാലി<br>3) വിജോ ഭവൻ, കാക്കനാട് |
| സെപ്റ്റം. 18 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| സെപ്റ്റം. 19 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| സെപ്റ്റം. 22 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| സെപ്റ്റം. 23 | 1) ഭാരത മാതാ കോളേജ്, തൃക്കാക്കര<br>2) നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2023 ഒക്ടോബർ – നവംബർ

### വിവാഹഒരുക്ക ധ്യാനം (MPR)

ഒക്ടോബർ 03-05 (കാലടി)
ഒക്ടോബർ 09-11 (കലൂർ)
ഒക്ടോബർ 17-19 (കാലടി)
ഒക്ടോബർ 23-25 (കലൂർ)
ഒക്ടോബർ 24-26 (കാലടി)
നവംബർ 06-08 (കലൂർ)
നവംബർ 14-16 (കാലടി)
നവംബർ 20-22 (കലൂർ)
നവംബർ 28-30 (കാലടി)

NB:ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

ഒക്ടോബർ 06-08

### ദമ്പതി സെമിനാർ

ഒക്ടോബർ 12-15

### യൂദിത്ത് ഷൈൻ വിധവാധ്യാനം- സിംഗിൾ പാരന്റിംഗ് (9400929111)

ഒക്ടോബർ 20-22

### ദമ്പതി സെമിനാർ

ഒക്ടോബർ 08 – വെള്ളാരപ്പിള്ളി

### സ്നേഹജ്വാല (ദാമ്പത്യ പരിപോഷണ പരിശീലനം)

ഒക്ടോബർ 01 -ഏലൂർ

### പാരന്റിംഗ് സെമിനാർ

ഒക്ടോബർ 15- ശ്രീമൂലനഗരം

### വിധവാ സംഗമം

ഒക്ടോബർ 22 – പാറപ്പുറം

## വിവാഹോത്സവ്, 2023

**1973, 1998** വർഷങ്ങളിൽ വിവാഹിതരായ അതിരൂപതയിലെ ജൂബിലേറിയൻ ദമ്പതികളെ ആദരിക്കുന്ന 'വിവാഹോത്സവ്' സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ ഫൊറോനാ തലത്തിൽ നടത്തുന്നു. ഓരോ ഫൊറോനയുടെ സ്ഥലവും (bracket) തീയതിയും ശ്രദ്ധിക്കുമല്ലോ!!

## ഫൊറോനതല വിവാഹോത്സവ് തീയതികൾ:

ഒക്ടോ. 07 - പറവൂർ (ആലങ്ങാട്)
ഒക്ടോ. 14 - വൈക്കം (തലയോലപ്പറമ്പ്)
ഒക്ടോ. 21 - പള്ളിപ്പുറം (തിരുനല്ലൂർ)
ഒക്ടോ. 21 - ചേർത്തല (മുട്ടം)
ഒക്ടോ. 24 - എറണാകുളം (പെരുമാനൂർ)
ഒക്ടോ. 24 - തൃപ്പൂണിത്തുറ (തൃപ്പൂണിത്തുറ)
നവംബർ 11 - മഞ്ഞപ്ര (സെബിപുരം)

## ദമ്പതി കോൺഫറൻസ് 2023 (മേഖലതലം)

അതിരൂപത കുടുംബപ്രേഷിത കേന്ദ്രം എം.സി.സി. അത്മായ പ്രേഷിത സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ നാല് മേഖലകളിലായി ദമ്പതി കോൺഫറൻസ് നടത്തുന്നു. 'ഉറപ്പുള്ള ദാമ്പത്യം ഉണർവ്വുള്ള കുടുംബത്തിന്' എന്നതാണ് വിഷയം

ഓരോ ഇടവകയിൽ നിന്നും 10 ദമ്പതികളെയെങ്കിലും ഇതിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുമല്ലോ

നവംബർ 5 - നൈപുണ്യ സ്കൂൾ, തൃക്കാക്കര
(ഉച്ചകഴിഞ്ഞ് 2.30 - 6.30വരെ)
ഫൊറോനകൾ: എറണാകുളം, ഇടപ്പള്ളി, തൃപ്പൂണിത്തുറ, പറവൂർ, കിഴക്കമ്പലം

നവംബർ 12 - നൈപുണ്യ കോളേജ്, പൊങ്ങം (കൊരട്ടി)
(ഉച്ചകഴിഞ്ഞ് 2.30 - 6.30 വരെ)
ഫൊറോനകൾ: കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, മൂക്കന്നൂർ

നവംബർ 19 - ലിറ്റിൽ ഫ്ളവർ സ്കൂൾ, നടേൽ (വൈക്കം)
(ഉച്ചകഴിഞ്ഞ് 2.30 - 6.30വരെ)
ഫൊറോനകൾ: വൈക്കം, ചേർത്തല, പള്ളിപ്പുറം

നവംബർ 26 – സെന്റ് ജോസഫ് സ്കൂൾ, ചെങ്ങൽ (കാലടി)
(ഉച്ചകഴിഞ്ഞ് 2.30 – 6.30വരെ)

ഫൊറോനകൾ: അങ്കമാലി, മഞ്ഞപ്ര, കാഞ്ഞൂർ, വല്ലം

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### മണിപ്പൂർ ദുരിതാശ്വാസനിധിയിലേക്ക് സഹൃദയ 12 ലക്ഷം രൂപയുടെ ചെക്ക് കൈമാറി

മണിപ്പൂർ കലാപത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹൃദയയുടെ നേതൃത്വത്തിൽ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും സമാഹരിച്ച തുകയായ 12 ലക്ഷം രൂപയുടെ ചെക്ക് കൈമാറി. പാലാരിവട്ടം പി. ഒ. സിയിൽ നടന്ന ചടങ്ങിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിലിൽ നിന്നും കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി ചെക്ക് ഏറ്റുവാങ്ങി. സഹൃദയയുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുന്ന ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി എട്ടു ടണ്ണോളം നിത്യോപയോഗ സാധനങ്ങൾ ആദ്യ ഘട്ടത്തിൽ മണിപ്പൂരിലെത്തിച്ചിരുന്നു.

### ഹൈബി ഈഡൻ എം.പി. യുടെ 'സാന്ത്വനം' പദ്ധതി അപേക്ഷകൾ സ്വീകരിച്ചു

കേന്ദ്ര ഗവൺമെന്റിന്റെ എ.ഡി.ഐ.പി. പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സംരംഭമായ അലിംകോ, നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ ഡിഫ്രന്റ്ലി ഏബിൾഡ്, തിരുവനന്തപുരം, സഹൃദയ എന്നിവരുമായി സഹകരിച്ച് ഹൈബി ഈഡൻ എം.പി. നടപ്പിലാക്കുന്ന സാന്ത്വനം ഭിന്നശേഷി സഹായ ഉപകരണ നിർണ്ണയ ക്യാമ്പ് കളമശ്ശേരി സെന്റ് പോൾസ്കോളേജ് ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിച്ചു. 40

ശതമാനമോ അതിലധികമോ വൈകല്യമുള്ളവർക്ക് ഹിയറിംഗ് എയിഡ്, 100 ശതമാനം കാഴ്ച പരിമിതിയുള്ള പത്താം ക്ലാസ്സിന് മുകളിലുള്ള വിദ്യാർഥികൾക്കുള്ള സ്മാർട്ട് ഫോൺ, സ്മാർട്ട് കെയ്ൻ, ബ്രയിൽ കെയ്ൻ ഫോൾഡർ, ബ്രയിൽ സ്ലേറ്റ്, ബ്രയിൽ കിറ്റ്, സി.പി. വീൽ ചെയർ, ബുദ്ധി വൈകല്യമുള്ള 18 വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള എം.എസ്.ഐ.ഡി. കിറ്റ്, വീൽ ചെയർ, കൃത്രിമ കാലുകൾ, റോളേറ്റർ, വാക്കിംഗ് സ്റ്റിക്, ഓക്സിലറി ക്രച്ചസ് മുതലായ ഉപകരണങ്ങൾക്കുള്ള അപേക്ഷകളാണ് ക്യാമ്പിൽ സ്വീകരിച്ചത്. കഴിഞ്ഞ വർഷം പറവൂർ, വൈപ്പിൻ, തൃക്കാക്കര, പള്ളുരുത്തി എന്നിവിടങ്ങളിൽ സാന്ത്വനം ക്യാമ്പുകൾ നടത്തി അതിൽനിന്നും തിരഞ്ഞെടുത്ത 500 ഓളം പേർക്ക് ഉപകരണങ്ങൾ കൈമാറിയിരുന്നു.

**ജെ.എൽ.ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) രൂപീകരിച്ചു**

കോക്കുന്ന്, അയിരൂർ, പുഷ്പഗിരി ഇടവകകളിലായി 29 അംഗങ്ങൾക്കായി ജെഎൽജി ഗ്രൂപ്പ് രൂപീകരിച്ചു. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 10,00,000/- രൂപ വിതരണം നടത്തി.

നായരമ്പലം, ഞാറക്കൽ, എളങ്കുന്നപ്പുഴ ഇടവകകളിലായി 26 അംഗങ്ങൾക്കായി ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരിച്ചു. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 12,00,000/- രൂപ വിതരണം നടത്തി.

നെടുവന്നൂർ ഇടവകയിൽ 10 അംഗങ്ങൾക്കായി ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരിച്ചു. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 5,00,000/- രൂപ വായ്പ അനുവദിച്ചു.

കൊല്ലക്കോട്, ചുള്ളി, കുറ്റിപ്പാറ എന്നി ഇടവകകളിലായി 34 അംഗങ്ങൾക്കായി ജെ.എൽ.ജി. ഗ്രൂപ്പ് രൂപീകരിച്ചു.വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 17,00,000/- രൂപ വായ്പ അനുവദിച്ചു.

10 ഫൊറോനകളിലായി സഹൃദയ പുതിയതായി രൂപീകരിച്ച ജെ.എൽ.ജി. കൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തിനായി 1,990,000/- രൂപ ഓഗസ്റ്റ് മാസത്തിൽ ലോൺ നൽകി.

**ശാക്തീകരണ ക്ലാസ്**

യൂണിവേഴ്സിറ്റി, മൂഴിക്കുളം, തോപ്പിൽ, കാലടി, തുതിയൂർ ഇടവകകളിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് വേണ്ടി ശാക്തീകരണ ക്ലാസ് സംഘടിപ്പിച്ചു

മൂക്കന്നൂർ, അട്ടാറ ഇടവകകളിൽ പ്രവർത്തിക്കുന്ന നാല് സ്വയം സഹായ സംഘങ്ങളുടെ ഗ്രേഡിങ്ങും ശാക്തീകരണ ക്ലാസും നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 17,80000/- രൂപ വായ്പ അനുവദിച്ചു.

തുതിയൂർ ഇടവകയിൽ പ്രവർത്തിക്കുന്ന മൂന്ന് സ്വയം സഹായ സംഘങ്ങളുടെ വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 13,55,000/- രൂപ വായ്പ അനുവദിച്ചു.

വെസ്റ്റ് കൊരട്ടി, തിരുമുടിക്കുന്ന് ഇടവകകളിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ഗ്രേഡിങ് നടത്തി 10,45,000/- രൂപ വായ്പ അനുവദിച്ചു.

നടുത്തുരുത്ത് ഇടവകയിൽ പ്രവർത്തിക്കുന്ന 5 സ്വയം സഹായ സംഘങ്ങളുടെ ഗ്രേഡിങ്ങും ശാക്തീകരണ ക്ലാസും നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 15,00000/- വായ്പ അനുവദിച്ചു.

**സ്വയം തൊഴിൽ പരിശീലനം**

സഹൃദയ, കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ജെ.എസ്.എസ് ന്റെയും, ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്ര (RSET) -ത്തിന്റെയുംസഹകരണത്തോടെ സൗജന്യമായി ചേർത്തല സഹൃദയ ട്രെയിനിങ് സെൻററിൽ വച്ച് ആലപ്പുഴ RSET യുടെ സഹകരണത്തോടെ പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഫാസ്റ്റ് ഫുഡ് പരിശീലനവും കുത്തിയതോട് എൽ.പി. സ്കൂൾ ഹാളിൽ പത്ത് ദിവസം നീണ്ടു നിൽക്കുന്ന പേപ്പർ ക്യാരി ബാഗ് എൻവലപ്പ് ഫയൽ നിർമ്മാണം എന്നിവയുടെ സൗജന്യ പരിശീലനവും സംഘടിപ്പിച്ചു.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ 60 സംഘങ്ങളിലെ 389 അംഗങ്ങൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തിനായി 2023 സെപ്റ്റംബർ മാസത്തിൽ 2,24,75000/ രൂപ വായ്പയായി വിതരണം ചെയ്തു.

**സംഘം വാർഷികം**

വാളൂർ ഇടവകയിലെ സ്വയം സഹായ സംഘങ്ങളുടെയും മാതൃസംഗമത്തിന്റെയും വാർഷിക ആഘോഷം പാരിഷ് ഹാളിൽ നടത്തി. കാക്കനാട് ഇടവകയിലെ സ്വയം സഹായ സംഘങ്ങളുടെ വാർഷിക ആഘോഷം പാരിഷ് ഹാളിൽ നടത്തി. ഈസ്റ്റ് ചേരാനല്ലൂർ ഇടവകയിലെ സ്വയം സഹായ സംഘങ്ങളുടെ വാർഷിക ആഘോഷം പാരിഷ് ഹാളിൽ നടത്തി.

**പ്രഥമ ശുശ്രൂഷ പരിശീലനം**

സഹൃദയയുടെയും ഇടപ്പള്ളി സെന്റ് ജോർജ് ചർച്ച് വുമൺസ് വെൽഫെയർ അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ ആസ്റ്റർ മെഡിസിറ്റിയുടെ സഹകരണത്തോടെ പ്രഥമ ശുശ്രൂഷ പരിശീലനം സംഘടിപ്പിച്ചു. വുമൺസ് വെൽഫെയർ അസോസിയേഷനിലെ അംഗങ്ങളായ 60 പേർ പരിശീലനം നേടി .

**ഉഷ സാറ്റലൈറ്റ് സിലായ് സ്കൂൾ ദ്വിദിന പരിശീലനം**

സഹൃദയയുടെയും ഉഷ ഇന്റർനാഷണൽ ലിമിറ്റഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ഉഷസാറ്റലൈറ്റ്സിലായ് സ്കൂൾ രണ്ട് ദിവസത്തെ സൗജന്യപരിശീലന ക്ലാസ്സുകൾ കോ ഓപ്പറേറ്റീവ് ബാങ്ക് മുനമ്പം ബ്രാഞ്ച് ഹാളിലും, പറവൂർ കാളപ്പടി സാക്ഷരതാ കേന്ദ്രത്തിലും സംഘടിപ്പിച്ചു. സ്ത്രീകൾക്ക് ഒരു ഉപജീവന മാർക്ഷം സൃഷ്ടിക്കലും, സംരഭകത്വ നൈപുണ്യം പകരലുമാണ് സിലായ് സ്കൂളിന്റെ ലക്ഷ്യം. പരിശീലനത്തിൽ 40 പേർ പങ്കെടുത്തു.

**പുരുഷ സ്വയം സഹായ സംഘ രൂപീകരണം**

കാലടി പാരിഷ് ഹാളിൽ 15 അംഗങ്ങളുള്ള ഒരു പുരുഷ സ്വയം സഹായ സംഘത്തിന്റെ രൂപീകരണവും ശാക്തീകരണ ക് ളാസും നടത്തി.

**ബയോഗ്യാസ് പ്ലാന്റ്**

കേന്ദ്ര സർക്കാരിന്റെ ഗോബർധൻ പദ്ധതിപ്രകാരം എരുമേലി പൊലീസ് എ .ആർ. ക്യാംപിൽ നിർമിച്ച 20 ക്യൂബിക് മീറ്റർ ശേഷിയുള്ള പ്ലാൻറ് കേന്ദ്ര സർക്കാർ സംഘം സന്ദർശിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947**

- **Overseas Education - Work/Study Abroad**
- Apply for November 2023 Intake for UK
- Start Applying For Australia - February 2024 Intake
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**
- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- **പ്രോഗ്രാമുകൾ – ഒക്ടോബർ**

1. ഇറ്റാലിയൻ കോഴ്സ് (A1, A2) ബാച്ചുകൾ 3-ന് ആരംഭിക്കുന്നു.
2. സ്പാനിഷ് കോഴ്സ് (A1 & A2) ബാച്ചുകൾ 3-ന് ആരംഭിക്കുന്നു.
3. ജർമൻ കോഴ്സ് (A1) ബാച്ചുകൾ 3-ന് ആരംഭിക്കുന്നു.
4. ജർമൻ കോഴ്സ് (B1) ബാച്ചുകൾ 16-ന് ആരംഭിക്കുന്നു.
5. ജർമൻ കോഴ്സ് (A2) ബാച്ചുകൾ 24-ന് ആരംഭിക്കുന്നു.
6. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2023 -2024).
7. KAS (Kerala Administrative Service) കോച്ചിംഗ് ക്ലാസ്സ് 16-ന് ആരംഭിക്കുന്നു.
8. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

### 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs - OCTOBER**
- UGC NET/JFR PAPER I & PAPER II (Batch for 2024 June exam)
- BANK (IBPS, PO, CLERK, SO) (new admission all Mondays)
- SSC (CGL, CHSL, MTS) (new admission all Mondays)
- C Mat, K-Mat (admission for next Exam)
- PSC - LDC 2024 (new admission all Mondays)
- IELTS - Regular class (all Mondays new batch)
- PTE (Pearson Test of English) (all Mondays new batch)

### 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായ ങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

### 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

**സെപ്റ്റംബർ 2023**

21 ബാംഗ്ലൂരിൽ സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു.

28 ഗ്ലോബൽ സിനഡിൽ പങ്കെടുക്കുവാൻ റോമിലേക്കു പോയി.

* * * * *

# അതിരൂപതാ പിരിവുകൾ 2022

| Parishes | Jeevakarunya Nidhi | Seminary Students Souhridha Nidhi | Holy Land | Peter Pence | SM Day | Mission Sunday |
|---|---|---|---|---|---|---|
| **ANGAMALY FORANE (AN)** | | | | | | |
| Angamaly | 62,482 | | | | | |
| Akapparambu | | | | | | |
| Angamaly East | | | | | | |
| Angamaly South | | | | | | |
| Champannoor N | | | | | | |
| Champannoor S. | 44,471 | | | | | 10,150 |
| Josepuram | | | | | | |
| Kavaraparampu | 61,460 | | | | | |
| Kaprassery | | | | | | |
| Kidangoor | 125,000 | 11,400 | | | | |
| Mekkad | 8,840 | | | 635 | | |
| Nayathode | | | | | | |
| Neduvannoor | 16,900 | 3,900 | | | | |
| Peechanikkad | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Thuravoor | | | | | | |
| Vengoor | | | | | | |
| **CHERTHALA FORANE(CH)** | | | | | | |
| Muttam | | | | | | |
| Chalil | | | | | | |
| Ezhupunna | | | | | | |
| Kadakkarapally | | | | | | |
| Kizhakkummuri | | | | | | |
| Kokkamangalam | | | | | | |
| Kunnumpuram | 18,000 | 6,400 | 2,600 | 6,500 | 2,400 | |
| Lisieu Nagar | 5,914 | | 4,727 | | | 4,015 |
| Madakkal | | | | | | |
| Martin Nagar | | | | | | |
| Maruthorvattom | | | | | | |
| Muttathipparampu | | | | | | |
| Nedumprakad | | | | | | |
| Paluthara | | | | | | 5,000 |
| Thannirmukkom | | | | | | |
| Thuravoor South (Cherthala) | | | | | | |
| Uzhuva | | | | | | |

| EDAPPALLY FORANE (ED) | | | | | | |
|---|---|---|---|---|---|---|
| Edappally | 115,800 | 45,000 | 37,000 | 25,000 | 25,000 | 300,000 |
| Aluva | | | | | | |
| Cardinal Nagar | | | | | | |
| Eloor | | | | | | |
| Kalamassery | | | | | | |
| Kalamassery South | | | | | | |
| Kottaparambu | | | | | | |
| Mangalapuzha | 132,840 | 10,285 | 4,315 | 910 | 630 | 3,455 |
| NAD Puram | | | | | | |
| NGO Quarters | 8,870 | 4,930 | 2,005 | 14,825 | 12,524 | 18,625 |
| Padamughal | 43,000 | 12,150 | | | | 45,605 |
| Palarivattom | | | | | | |
| Thadesupuram | | | | | | |
| Thaikkattukara | | | | | | |
| Thevekkal | | | | | | |
| Thoppil | 68,000 | | | | | 65,060 |
| Thrikkakara | | | | | | |
| Thuthiyoor | | | | | | |
| University | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Vazhakkala | | 24,730 | 12,362 | 3,692 | 12,830 | |
| Vennala | 35,467 | 5,265 | 4,727 | 500 | 2,158 | 184,380 |
| **ERNAKULAM FORANE (ER)** | | | | | | |
| Ernakulam | | | | | | |
| Chakkarapparambu | | | | | | |
| Chittoor | | | | | | |
| Elamakkara(Thanickal) | 24,000 | 27,000 | 2,000 | | | 20,000 |
| Elamkulam | | | | | | |
| Ernakulam.N | | | | | | |
| Fortkochi | | | | | | |
| Kadavanthra | | | | | | |
| Karanakodam | | | | | | |
| Karikkamuri | | | | | | |
| Konthuruthy | | | | | | |
| Koovappadam | | | | | | |
| Matha Nagar | 20,050 | | 5,670 | | | |
| Narakkal | | 13,001 | 15,000 | | | |
| Nettoor | | | | | | |
| Pachalam | | 6,000 | 2,300 | | | |
| Palluruthy | 24,605 | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Perumanoor | 61,890 | 36,000 | | | | |
| Sanjopuram | | | | | | |
| Thevara | | | | | | |
| Vaduthala | | | | | | |
| **KANJOOR FORANE (KA)** | | | | | | |
| Kanjoor | | | | | | |
| Chowra | | | | | | |
| Edanad | | | | | | 1,500 |
| Illithode | | | | | | |
| Kaippattoor | | | | | | |
| Kalady | | | | | | |
| Kalambattupuram | | | | | | |
| Kizhakkumbhagam | | | | | | |
| Kottamam | | | | | | |
| Kurishumudy | | | | | | |
| Malayattoor | | | | | | |
| Matoor Town | | | | | | |
| Mattoor | | | | | | 38,257 |
| Neeleeswaram | | | | | | |
| Nettinampilly | 4,900 | 1,000 | 1,490 | 510 | 300 | 3,000 |

| | | | | | | |
|---|---|---|---|---|---|---|
| Parappuram | 500 | 5,000 | 200 | 250 | 200 | 1,000 |
| Pothiakara | | | | | | |
| Prasannapuram | 2,000 | 1,500 | 1,000 | 1,000 | 500 | 3,850 |
| Rajagiri | | | | | | |
| Sebiyoor | 2,150 | 4,470 | | | | 7,095 |
| Vellarappilly South | | | | | | |
| Vimalagiri | | | | | | |
| **KARUKUTTY FORANE (KR)** | | | | | | |
| Karukutty | | | | | | |
| Beslehem | | | | | | |
| Cable Nagar | | | | | | |
| Calvary | 17,840 | | | | 2,200 | 5,200 |
| Carmelgiri | | | | | | |
| Karukutty (Monastery) | | | | | | |
| Edakkunnu | | | | | | |
| Karayamparambu | | | | | | |
| Panthackal | | | | | | |
| Sehiyonpuram | 14,240 | 4,490 | 1,575 | | 2,000 | 5,550 |
| | | | | | | |

| KIZHAKKAMBALAM FORANE (KI) | | | | | | |
|---|---|---|---|---|---|---|
| Kizhakkambalam | | | | | | |
| Ambunadu | | | | | | |
| Ashokapuram | | | | | | |
| Chittanad | | | | | | |
| Choondy | | | | | | |
| Chunangumvely | | | | | | |
| Vilangu | | | | | | |
| Kakkanad | 9,400 | | | | | |
| Karimughal | | | | | | |
| Karukulam | | | | | | |
| Keezhmadu | | | | | | 4,200 |
| Njaralloor | 1,800 | | | | | 13,085 |
| Pazhanganad | | | | | | |
| Periyarmugham | | | | | | |
| Pukkattupady | | | | | | |
| South Vazhakulam | 23,700 | 8,500 | 3,400 | 2,300 | 3,500 | |
| Thamarachalpuram | 7,500 | 1,000 | 500 | 500 | 500 | 5,000 |
| Thengode | 10,000 | 5,000 | 2,000 | | | |
| | | | | | | |

| KORATTY FORANE ( KO) | | | | | | |
|---|---|---|---|---|---|---|
| Koratty | | | | | | |
| Annanad | 3,000 | 1,500 | 2,500 | 2,500 | 2,015 | 1,000 |
| Kadukutty | | | | | | |
| Kathikudam | | | | | | |
| Kattappuram | | | | | | |
| Konoor | | | | | | |
| Koratty West | 25,000 | 10,000 | | | | |
| Kuruppam | | | | | | |
| Leprosy Hospital | | | | | | |
| Mampra | | | | | | |
| Manglassery | 19,100 | | | | | |
| Meloor | | | | | | |
| Muringoor | | | | | | |
| Naduthuruthu | | | | | | |
| Pushpagiri | | | | | | |
| Sanjonagar | | | | | | |
| Santhigiri | | | | | | |
| Santhipuram | 23,830 | | | | | 6,610 |
| Thiruhrudayakunnu | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Thirumudikkunnu | 50,000 | 10,000 | 4,000 | 3,000 | 3,000 | 17,464 |
| Valoor | | | | | | |
| Vazhichal | | | | | | |
| **MANJAPRA FORANE (MA)** | | | | | | |
| Manjapra | 50,000 | | | | | 50,000 |
| Amalapuram | 14,845 | | 3,414 | | | 2,015 |
| Anappara | | 7,990 | | | | |
| Ayyampuzha | | | | | | |
| Chully | | | | | | |
| Kalady Plantation | | | | | | |
| Kannimangalam | | | | | | 2,500 |
| Kollakode | 8,470 | | | | | |
| Kuttipara | | | | | | |
| Manickamangalam | | | | | | |
| Marygiri | 11,185 | 5,760 | | | | |
| Naduvattom | | | | | | 4,500 |
| Pandupara | 4,230 | 3,750 | | | | |
| Plantation X Block | 350 | | | | | |
| Sebipuram | | | | | | 13,325 |
| Thavalappara | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Vathakkad | | | | | | |
| Yordanapuram | | | | | | |
| **MOOKKANNOR FORANE (MK)** | | | | | | |
| Mookkannoor | 80,760 | 8,400 | 5,000 | 3,000 | 2,500 | |
| Attara | 13,600 | | | | | |
| Devagiri | | | | | | |
| Ezhattumugham | | | | | | |
| Kidangoor N. | | | | | | |
| Kokkunnu | 15,000 | 1,000 | 750 | 1,000 | 1,000 | 1,000 |
| Njalookara | 5,010 | | 3,300 | | | |
| Olive Mount | | | | | | |
| Thabore | | 3,000 | 3,734 | | | 13,545 |
| Vettilappara | | | | | | |
| Vijopuram | | | | | | |
| **MOOZHIKULAM FORANE(MO)** | | | | | | |
| Moozhikulam | 5,000 | 1,000 | 1,000 | 1,000 | 750 | 9,500 |
| Airoor | 16,810 | 8,450 | | | | |
| Athani | 16,000 | | 4,000 | | | 20,000 |
| Chengamanad | 1,000 | 300 | 300 | 300 | | 800 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Cherukadapuram | | | | | | |
| Elavoor | | | | | | |
| Karippassery | 4,250 | | | | | 3,200 |
| Kodussery | | | | | | |
| Kunnappillissery | | | | | | |
| Kunnel | | | | | | |
| Kurumassery | | | | | | |
| Kuthiathode Old | | | | | | |
| Kuthiathodu New | | | | | | |
| Kuttipuzha | 14,055 | 8,229 | 1,000 | 1,000 | 1,000 | 15,855 |
| Mallussery | | | | | | |
| Puthuvassery | | | | | | |
| **PALLIPPURAM FORANE (PL)** | | | | | | |
| Pallippuram | | | | | | 26,457 |
| Kavil | 5,370 | | | | 3,500 | |
| Manappuram | | | | | | |
| Mariathrikkai | | | | | | |
| Panavally N. | | | | | | |
| Panavally | | | | | | |
| Srampickal | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Thirunalloor | | | | | | |
| Thycattusserry | 20,000 | 5,000 | 1,100 | | | 10,000 |
| Kidangoor N. | | | | | | |
| Valamangalam | 6,400 | | | | | 10,000 |
| Valliara | 2,570 | | | | | |
| Ulavaip | 3,780 | | | | | |
| **PARAVUR (PR)** | | | | | | |
| Paravur (Kottakkavu) | | | | | | |
| Alangad | 25,000 | 4,000 | 4,000 | 1,000 | 2,700 | |
| Chakkarakkadavu | | | | | | |
| Chendamangalam | 6,500 | 100 | 100 | 100 | 100 | 100 |
| Ezhikkara | | | | | | |
| Kacherippady | 21,570 | | | | | |
| Kadamakkudy | 1,775 | 1,000 | 500 | 500 | 500 | 1,000 |
| Kaitharam | | | | | | |
| Karukunnu | | | | | | |
| Karumalloor | | | | | | |
| Kongorpilly | | | | | | 10,000 |
| Kunnel | | | | | | |
| Kuzhippilly | | | | | | 17,795 |

| | | | | | | |
|---|---|---|---|---|---|---|
| Muppathadam | | | | | | |
| Nedungad | | | | | | |
| Neendoor | | | | | | |
| Neerikode | 18,105 | | | | | |
| Olanad | | | | | | |
| Pallamthuruthu | 16,700 | | | | | |
| Pattanam | | | | | | |
| Puthenpally | | 4,043 | 18,420 | 2,500 | 2,890 | 7,385 |
| Puthuvaipu | | | | | | |
| Thundathumkadavu | 4,000 | | | | | 3,300 |
| Thuruthipuram | 5,000 | 3,000 | 2,000 | 500 | 500 | 4,000 |
| Valluvally | | | | | | |
| Varappuzha | | | | | | |
| **THRIPUNITHURA FORANE (TR)** | | | | | | |
| Thipunithura | 50,000 | | | | | |
| Amballoor | | | | | | |
| Arakkunnam | 5,760 | 2,270 | 3,020 | 2,110 | | |
| Vytilla (Eroor) | 29,790 | 6,501 | 4,465 | 7,607 | | 20,000 |
| Chathamma | | | | | | |
| Chethicode | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Irumpanam | | | | | | |
| Kandanadu | | | | | | |
| Kattikkunnu | | | | | | |
| Keechery | | | | | | |
| Kolenchery | | | | | | |
| Kolengai | | | | | | |
| Kumbalam | 31,043 | | | | | |
| Maradu | | | | | | 33,345 |
| Panangad | | | | | | |
| Paravur South | 1,500 | 500 | 500 | 500 | 500 | 1,500 |
| Poonithura | | | | | | |
| Prasadagiri | | | | | | 85,375 |
| Puthencruz | | | | | | |
| Puthiyakavu | | | | | | |
| Thiruvamkulam | | | | | | 30,000 |
| Udayamperoor N Nadakkavu | | | | | | |
| Udayamperoor | 55,400 | | | | | |
| Vattukkunnu(Mulanthuruthi) | | | | | | |
| **VAIKOM FORANE (VK)** | | | | | | |
| Vaikom | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Achinakam | | | | | | |
| Amalapuri | | | | | | |
| Chemmanathukara | | | | | | |
| Chempu | 8,000 | 500 | 500 | 250 | 250 | |
| Edayazham West Vechoor | | | | | | |
| Irumpayam | | | | | | |
| Josepuram | | | | | | |
| Kalayathukunnu (Pothy) | | 13,966 | | | | 5,000 |
| Kothavara | | | | | | |
| Kottarapilly | | | | | | |
| Kudavechoor | 11,000 | 9,500 | 3,530 | 4,350 | 4,500 | 24,595 |
| Mary Land | | | | | | |
| Mevelloor | | | | | | |
| Nadel | | | | | | |
| Orslam | | | | | | |
| Thalayolapparambu | | | | | | |
| Thottakam | | | | | | 51,630 |
| Thrineyemkudam | | | | | | |
| Udayanapuram | 150 | 150 | 150 | 150 | 150 | 150 |
| Ullala | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| Vadayar | | | | | | |
| Vallakom | | | | | | |
| **VALLAM FORANE (VL)** | | | | | | |
| Vallam | 27,875 | | | | | 9,042 |
| Aimury | | | | | | |
| Antopuram | | | | | | |
| Ayathupady | 95370 | 1500 | 1870 | 1000 | 3500 | 3100 |
| Chelamattom | 11,500 | | | | | |
| Cheranalloor(E) | 500 | 300 | 250 | 250 | 300 | 750 |
| Edavoor Koodalappad | | | | | | |
| Kodanadu | 55,000 | | | | | |
| Koodalappad | | | | | | |
| Mankuzhy | | | | | | |
| Perumbavoor | | | | | | |
| Pulluvazhi | | | | | | |
| Thannippuzha | | | | | | |
| Thottuva | 4,000 | 3,000 | 3,000 | | | |

*Till August, 2023*

**ഫാ. പോൾ മാടശ്ശേരി**
**ഫിനാൻസ് ഓഫീസർ**



RNI No. 3421/57
Date of Publication: 01-10-2023

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org